
LifeDay

# വിശുദ്ധവാരം

## പ്രസംഗങ്ങൾ, ആരാധനകൾ, കുരിശിന്റെ വഴി




ഫാ. ജി. കടൂപ്പാറയിൽ MCBS | ഫാ. വിൻസെന്റ് ശ്രാമ്പിക്കൽ MCBS

Editors


www.malankaralibrary.com

## ഉള്ളടക്കം


| | |
|---|---|
| 1. ഓശാന പ്രസംഗം | 1 |
| 2. പെസഹാ പ്രസംഗം | 5 |
| 3. പെസഹാ ആരാധന 1 | 8 |
| 4. പെസഹാ ആരാധന 2 | 19 |
| 5. പെസഹാ അപ്പം മുറിക്കൽ | 30 |
| 6. ദുഃഖവെള്ളി പ്രസംഗം | 34 |
| 7. കുരിശിന്റെ വഴി | 39 |
| 8. ദുഃഖശനി പ്രസംഗം | 53 |
| 9. ഈസ്റ്റർ പ്രസംഗം | 56 |



## നന്ദി

ഫാ. സൈജു തുരുത്തിയിൽ MCBS
ഫാ. ജയ്മോൻ മുളപ്പൻചേരിൽ MCBS
ഫാ. റോണി കളപ്പുരയ്ക്കൽ MCBS

**ഡിസൈൻ:** മാഗി ജെറി, മരിയ ജോസ്



© lifeday, 2019
For private circulation



www.malankaralibrary.com



ഓശാന പ്രസംഗം

# എനിക്ക് നിന്നെ ആവശ്യമുണ്ട്

എല്ലാവര്‍ക്കും ഓശാനതിരുനാളിന്റെ ആശംസകള്‍. ì കര്‍ത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ടെന്ന് പറയുകí (മത്താ 21:3; മര്‍ക്കോ 11:3; ലൂക്കാ 19:31) എന്ന വചനം ഈ ദിനം നമുക്ക് ധ്യാനിക്കാം.

ആത്മഹത്യചെയ്യാന്‍ ശ്രമിച്ച് പരാജയപ്പെട്ടതിനു ശേഷമാണ് ഞാന്‍ അവളെ കാണുന്നത്. സംസാരിക്കാന്‍ ആദ്യം കൂട്ടാക്കിയില്ല. പറഞ്ഞുതുടങ്ങിയപ്പോള്‍ കരച്ചിലായി.

കണ്ണീരിന് ഇടയിലൂടെ അവള്‍ പറയുകയാണ്. "എന്നെ ആര്‍ക്കും വേണ്ട. മമ്മി പറയുന്നു: നീ ഉണ്ടായതിനു ശേഷമാണ് ഇവിടെ കലഹങ്ങള്‍ തുടങ്ങിയതെന്ന്. ഡാഡി പറയുന്നു, നീ എന്റേതല്ലെന്ന്. ആര്‍ക്കും വേണ്ടങ്കില്‍ പിന്നെ ഞാന്‍ എന്തിനാണ് ജീവിക്കുന്നത്? ആര്‍ക്കും ആവശ്യമില്ലെങ്കില്‍ മരിക്കുന്നതല്ലേ നല്ലത്. അതാ മരിക്കാന്‍ ശ്രമിച്ചത്. ദൈവത്തിനും വേണ്ടെന്ന് തോന്നുന്നു." അവള്‍ നിര്‍ത്താതെ കരയുകയാണ്.

www.lifeday.in



www.malankaralibrary.com

യേശുവിന്റെ മഹത്വത്തോടുകൂടിയുള്ള ജറുസലേം പ്രവേശനത്തെപ്പറ്റി പറയുന്ന മൂന്ന് സുവിശേഷങ്ങളിലും ഒരുപോലെ പറയുന്ന ഒരു വാക്യമുണ്ട്. ì കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ടെന്ന് പറയുകî (മത്താ. 21:3; മർക്കോ 11:3; ലൂക്കാ 19:31). എല്ലാവരാലും അപമാനിതനാകുന്ന കഴുതയെക്കുറിച്ചാണ് ഈ പരാമർശം. കർത്താവിന് അതിനെക്കൊണ്ട് ആവശ്യമുണ്ട്. മറ്റെല്ലാവരും പരിത്യജിച്ച, അപമാനിക്കുന്ന, കഴുതയെക്കൊണ്ട് ക്രിസ്തുവിന് ആവശ്യമുണ്ടെന്ന്.

കഴുത സമാധാനത്തിന്റെയും ശാന്തിയുടെയും വിനയത്തിന്റെയും പ്രതീകമാണ്. യുദ്ധത്തിന്റെയോ പടപ്പുറപ്പാടിന്റെയോ പ്രതീകമായ കുതിരയുടെ പുറത്തല്ല, സമാധാനത്തിന്റെ പ്രതീകമായ കഴുതയുടെ പുറത്താണ് ക്രിസ്തു കടന്നുവരുന്നത്. അതിലുമുപരി കഴുത മൃഗങ്ങളിലെ ഏറ്റവും ബുദ്ധി കുറഞ്ഞ മൃഗമായിട്ടാണ് കരുതപ്പെടുക. എല്ലാക്കാലങ്ങളിലും എല്ലാനാടുകളിലും കഴുത അപമാനത്തിന്റെ ചിഹ്നമാണ്. കഴുത എന്ന ജീവി അധഃകൃതനാണ്. വീട്ടുവളപ്പിൽ നിന്ന് ഒരൽപം മാറ്റികെട്ടപ്പെടുന്ന മൃഗം.

അരിശം വരുമ്പോൾ മനുഷ്യരും പരസ്പരം വിളിക്കും ëഎടാ കഴുതേí എന്ന്. കഴുതയുടെ ആകൃതി തന്നെ വിരൂപമാണ്. ആ തലയും വലിയ ചെവിയും ഉടലും കാലുകളുമെല്ലാം വൈരൂപ്യം നിറഞ്ഞതാണ്. സൗന്ദര്യമില്ലാത്ത, വൃത്തിയും മെനയും ഇല്ലാത്ത ഒരു സാധനം.

ജി. കെ. ചെസ്റ്റേർട്ടന്റെ ëThe Donkeyí എന്ന കവിതയിൽ, കഴുത തന്റെ നികൃഷ്ടജന്മത്തെപ്പറ്റി വേദനയോടെ ഓർക്കുന്ന രംഗമുണ്ട്. തന്റെ ജനനം തന്നെ പ്രകൃതിക്ക് ദോഷകരമായ മാറ്റം വരുത്തിയെന്നാണ് കഴുതയുടെ മതം. കഴുത പറയുന്നു: ì ഞാൻ ജനിച്ചപ്പോൾ മത്സ്യങ്ങൾ പറന്നു, മരങ്ങൾ നടന്നു...î ഒരിക്കലും സംഭവിക്കരുതാത്ത കാര്യങ്ങൾ അന്ന് സംഭവിച്ചു എന്ന്. അങ്ങനെ, ആർക്കും വേണ്ടാത്ത കഴുതയെക്കുറിച്ചാണ് ക്രിസ്തു പറയുന്നത്, എനിക്കതിനെക്കൊണ്ട് ആവശ്യമുണ്ടെന്ന്. ഒരു കണക്കിന് നോക്കുകയാണെങ്കിൽ അതിശയം തന്നെ. മനുഷ്യദൃഷ്ടിയിൽ ഏറ്റവും നിസ്സാരമായ ജീവിയായ കഴുതയെ, എനിക്കതിനെ ആവശ്യമുണ്ടെന്ന് പറയു



www.malankaralibrary.com

കയും അതിന്റെ സർവ്വ നികൃഷ്ടതയും നീക്കിക്കളയുകയും ചെയ്യുകയാണ് ക്രിസ്തു. ഏറ്റവും നിസ്സാരൻ വലിയവനായി മാറുന്നു. പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി മാറുന്നതുപോലെ.

നമ്മളിൽ പലരും ഈ കഴുതയെപ്പോലെ ആയിരിക്കും. നമ്മുടെ ജന്മവും കഴുതയുടെ ജന്മങ്ങളായിരിക്കും. ആരാലും വേണ്ടാത്തവർ, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവർ, ദാരിദ്ര്യ ദുഃഖത്താൽ വലയുന്നവർ, സൗന്ദര്യമില്ലെന്ന് കരുതുന്നവർ, രോഗപീഡകളാൽ ഉഴലുന്നവർ... അങ്ങനെ പലവിധ ചിന്തകളാൽ പീഡിപ്പിക്കപ്പെടുന്നവരായിരിക്കും നാം ഓരോരുത്തരും.

നിന്നെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ല എന്ന് പലരും നമ്മെ നോക്കിപറഞ്ഞിട്ടുണ്ടാവും. കുടുംബകലഹത്തിന്റെ മൂർദ്ധന്യതയിൽ ഭാര്യാഭർത്താക്കന്മാർ പരസ്പരം പറഞ്ഞിട്ടുണ്ടാവും, ënിന്നെക്കൊണ്ട് എനിക്കാവശ്യമില്ലെന്ന്.î മക്കൾ തന്നിഷ്ടം കാണിച്ചപ്പോൾ മാതാപിതാക്കൾ പറഞ്ഞിട്ടുണ്ടാവും, ënിന്നെക്കൊണ്ട് എനിക്കാവശ്യമില്ലെന്ന്.î പ്രായം ചെന്ന മാതാപിതാക്കളെ നോക്കി മക്കൾ പറഞ്ഞിട്ടുണ്ടാവും ënിങ്ങളെക്കൊണ്ട് എനിക്കാവശ്യമില്ലെന്ന്.î പഠിക്കാൻ പിന്നോക്കമായ കുട്ടിയെനോക്കി അധ്യാപകർ പറഞ്ഞിട്ടുണ്ടാവാം ënിന്നെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ലെന്ന്.î കഴിവ് കുറഞ്ഞവനായതുകൊണ്ട് സമൂഹത്തിലെ മറ്റംഗങ്ങൾ പറഞ്ഞിട്ടുണ്ടാവാം, ënിന്നെക്കൊണ്ട് ഞങ്ങൾക്ക് ആവശ്യമില്ലെന്ന്.î സൗന്ദര്യം കുറവായതുകൊണ്ട് കൂട്ടുകാർ പറഞ്ഞിട്ടുണ്ടാകാം ënിന്നെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ലെന്ന്.î സാമ്പത്തികമായി പിന്നോക്കം നിൽക്കുമ്പോൾ അയൽക്കാർ പറഞ്ഞിട്ടുണ്ടാകാം ënിന്നെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ലെന്ന്.î തീർച്ചയായും ആരെങ്കിലുമൊക്കെ നിന്നെനോക്കി പറഞ്ഞിട്ടുണ്ടാവും ënിന്നെക്കൊണ്ട് ഞങ്ങൾക്കാവശ്യമില്ലെന്ന്.î

എന്തിനിനി തുടർന്ന് ജീവിക്കണം എന്ന് ചിന്തിച്ചുപോയ വേളകൾ നമുക്കൊക്കെ ഉണ്ടായിട്ടില്ലേ? ഉണ്ട് എന്നുതന്നെയായിരിക്കും നാമെല്ലാവരുടെയും ഒറ്റസ്വരത്തിലുള്ള മറുപടി. ഇപ്പോഴും ആ വേദന നമ്മെ അലട്ടുന്നുണ്ടാവാം. കഴുതയെപ്പോലൊരു ജന്മമാണല്ലോ എനിക്കുണ്ടായതെന്നോർത്ത്.



www.malankaralibrary.com

പക്ഷേ ക്രിസ്തു ഇന്ന് നിന്നെനോക്കി പറയുന്നു: ì എനിക്ക് നിന്നെക്കൊണ്ട് ആവശ്യമുണ്ടെന്ന്.നിന്റെ മാതാപിതാക്കൾക്ക്, മക്കൾക്ക്, ജീവിതപങ്കാളിക്ക്, ബന്ധുക്കൾക്ക്, അയൽക്കാർക്ക്, സ്നേഹിതർക്ക്, അധ്യാപകർക്ക്, അധികാരികൾക്ക് നിന്നെ ആവശ്യമില്ലായിരിക്കും. പക്ഷേ ക്രിസ്തുവിന് നിന്നെ ആവശ്യമുണ്ട്. അതിനാൽ നീ ഇനി നിരാശയുടെ പടുകുഴിയിൽ വീണ് നിലവിളിക്കേണ്ട. അവഗണനയുടെ മാറാപ്പ് ചുമക്കേണ്ട. അവന് നിന്നെ ആവശ്യമുണ്ട്.

തന്നെ ചുമക്കുവാനാണ് ക്രിസ്തു കഴുതയെ തിരഞ്ഞെടുക്കുന്നത്. അവിടുത്തെ സ്വന്തം ജീവിതത്തിൽ വഹിക്കാനാണ് ഇന്ന് നിന്നെ അവിടുന്ന് തിരഞ്ഞെടുക്കുന്നത്. ക്രിസ്തുവിനെ സ്വന്തം ജീവിതത്തിൽ വഹിക്കുന്നവരാകുക.

ക്രിസ്തുവിനെ വഹിച്ചുകൊണ്ട് കഴുത ജനസമൂഹത്തിലേയ്ക്ക് ഇറങ്ങിയപ്പോൾ അവൻ ബഹുമാനിതനായി. ക്രിസ്തുവിനെ വഹിച്ചുകൊണ്ട് ഇന്ന് നീ സമൂഹത്തിലേയ്ക്കിറങ്ങിയാൽ അവന്റെ പേരിൽ നീയും ബഹുമാനിതനാകും. ക്രിസ്തുവിനോടുകൂടിയ കഴുതയും ക്രിസ്തു ഇല്ലാത്ത കഴുതയും വ്യത്യസ്തമാണ്. അതുപോലെ തന്നെയാണ് ക്രിസ്തുവിനോടു കൂടിയ നീയും, ക്രിസ്തുവില്ലാത്ത നീയും. അതുകൊണ്ട് ക്രിസ്തുവിനെ വഹിച്ചുകൊണ്ട് നിന്റെ സഹജരുടെയും സമൂഹാംഗങ്ങളുടെയും ഇടയിലേക്ക് ഇറങ്ങുക. നീ ബഹുമാനിതനാകും തീർച്ച.


ഈ വാക്കുകൾ ഹൃദയത്തോട് ചേർത്ത് വയ്ക്കുക – അവന് നിന്നെ ആവശ്യമുണ്ട് – മറ്റാർക്കും നിന്നെ വേണ്ടെങ്കിലും അവന് നിന്നെ ആവശ്യമുണ്ട്.

**ഫാ. ജി. കടൂപ്പാറയിൽ MCBS**

www.lifeday.in



www.malankaralibrary.com



പെസഹാ പ്രസംഗം

# സെഹിയോൻ

യേശുവിന്റെ അന്ത്യഅത്താഴവും പരിശുദ്ധ കുർബാന സ്ഥാപനവുമൊക്കെ ധ്യാനമാകുമ്പോൾ ഓർമ്മയിൽ തെളി യുന്ന ഒരിടമുണ്ട് – അന്ത്യഅത്താഴം ഒരുക്കപ്പെട്ട സെഹിയോൻ മലയിലെ വിരുന്നുശാല. പാരമ്പര്യ വിശ്വാസമനുസരിച്ച് ജ റുസലേം നഗരത്തിന്റെ തെക്കുപടിഞ്ഞാറുള്ള സെഹിയോൻ മലയിലെ മാളികയിലാണ് യേശുവിന്റെ അന്ത്യത്താഴം നടന്ന ത്. അവിടെ വച്ചാണ് യേശു തന്റെ പന്ത്രണ്ടു ശിഷ്യന്മാരു മൊത്ത് പെസഹാ ഭക്ഷിക്കുന്നതും പരിശുദ്ധ കുർബാന സ്ഥാ പിക്കുന്നതും.

യേശുവിന് ഏറ്റവും പ്രിയപ്പെട്ട, അവൻ തന്റെ ഹൃദയത്തോ ട് ചേർത്തുനിർത്തിയ, അവന്റെ ആഗ്രഹം അനുസരിച്ച് ലഭി തത്തിന്റെ മറ്റ് നിർണ്ണായകവേളകളിൽ ഇങ്ങനെ ഒരു ഇഷ്ട സ്ഥലം തിരഞ്ഞെടുക്കാനുള്ള സാധ്യതപോലും അവനില്ലാ യിരുന്നു. പിറന്നുവീഴാൻ നല്ലൊരു സ്ഥലം തേടിയെങ്കിലും ലഭ്യമായത് പുൽത്തൊട്ടിലാണ്; മരണത്തിന് ഇടം നൽകിയ

www.lifeday.in



www.malankaralibrary.com

ത് നാട്ടിനിർത്തപ്പെട്ട കുരിശാണ്; അടക്കപ്പെട്ടത് അരിമത്തിയാക്കാരൻ ജോസഫിന്റെ കല്ലറയിലും. ഇവയൊന്നും അവൻ സ്വയം തിരഞ്ഞെടുത്തതല്ല; സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടതാണ് ഈ എല്ലായിടങ്ങളും. എന്നാൽ സെഹിയോൻ അവൻ തന്നെ തിരഞ്ഞെടുക്കുന്നതാണ്. അവിടെയാണ് യേശു, ശിഷ്യന്മാരെല്ലാവരെയും പെസഹാ ആഘോഷിക്കാനായി ഒരുമിച്ചു കൂട്ടിയത്.

മരുഭൂമിയിലും ഗത്സമെനിയിലും ഗാഗുൽത്തായിലും യേശു ഒറ്റയ്ക്കാകുമ്പോൾ, ഒറ്റപ്പെടുമ്പോൾ, സെഹിയോൻ ഊട്ടുശാലയിൽ അവൻ കൂട്ടത്തിലാണ്, എല്ലാവരും കൂടെയുണ്ട്. അവിടെ വകതിരിവും തരംതിരിക്കലുമില്ല; മാറ്റിനിർത്തലും ഒഴിവാക്കലുമില്ല. പന്ത്രണ്ടുപേരെയും ഒരുമിച്ചു കൂട്ടുകയാണ് – സ്നേഹിക്കുന്നവനെയും ഒറ്റിക്കൊടുക്കുന്നവനെയും തള്ളിപ്പറയുന്നവനെയും ഓടിപ്പോകുന്നവനെയും എല്ലാം.

എന്തിനായിരുന്നു ഈ സെഹിയോൻ വിരുന്നുശാലയിലെ ഇങ്ങനെയൊരു കൂടിച്ചേരൽ? എല്ലാവർഷത്തെയും പോലെ നീസാൻ മാസത്തിലെ 14-ാം തീയതി വൈകുന്നേരം പെസഹാ ആഘോഷിക്കുക, കടന്നുപോകലിന്റെ ഓർമ്മ പുതുക്കുക, പാരമ്പര്യം പിന്തുടരുക, കൂടിച്ചേർന്ന ശിഷ്യന്മാർക്ക് അത്രമാത്രമേ അറിയാമായിരുന്നുള്ളൂ. പക്ഷേ, ക്രിസ്തുവിന് അത് മാത്രമായിരുന്നില്ല മനസ്സിൽ. തീർച്ചയായും ഇത് തന്റെ അവസാനത്തെ പെസഹാ ആഘോഷം ആണെന്ന വേദന, കൂടെ നിൽക്കേണ്ടവർ ഒറ്റിക്കൊടുക്കുകയും തള്ളിപ്പറയുകയും ഉപേക്ഷിച്ച് ഓടിപ്പോവുകയും ചെയ്യുമെന്ന മുൻകൂട്ടിയുള്ള അറിവിന്റെ അസ്വസ്ഥത, തന്റെ ശരീരവും രക്തവും തന്റെ പ്രിയപ്പെട്ടവർക്ക് അപ്പവും വീഞ്ഞുമായി പകുത്തുനൽകാൻ പോകുന്നതിന്റെ ആത്മസംതൃപ്തി, അവർ തന്റെ നാമത്തിൽ ഒരുമിച്ചുകൂടി തന്റെ ഓർമ്മയാചരിക്കണം എന്ന ഉള്ളിലെ ആഗ്രഹം – ഇതൊക്കെയായിരിക്കണം എല്ലാവരെയും ഒരുമിച്ചുകൂട്ടിയ യേശുവിന്റെ ഉള്ളിൽ. എങ്കിലും യേശു എന്താണ് ആഗ്രഹിക്കുന്നതെന്നോ അവന്റെയുള്ളിലെ നീറ്റലെന്താണെന്നോ കൂടെയിരിക്കുന്നവർ അറിയാൻ ആഗ്രഹിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കണം.



www.malankaralibrary.com

ആനന്ദം എന്ന സിനിമയിൽ 'കുപ്പി' എന്ന കഥാപാത്രം അവന്റെ മൂന്ന് ആത്മാർത്ഥ സുഹൃത്തുക്കളോട് അവരുടെ ഉല്ലാസയാത്രയുടെ അവസാന ദിവസം വേദനയോടെ ചോദിക്കുന്നു: "നിങ്ങളൊക്കെ, ഞാൻ എന്തിനാണ് ഗോവയിൽ വന്നതെന്ന് ഒരിക്കലെങ്കിലും ആലോചിച്ചിട്ടുണ്ടോ? ഇതുവരെയും നമ്മൾ എല്ലാവരും ഒരുമിച്ചുള്ള ഒരു ഫോട്ടോ പോലും എടുക്കാൻ പറ്റിയില്ല." യേശുവും പന്ത്രണ്ടു ശിഷ്യന്മാരും ഒരുമിച്ചുള്ള അപൂർവ്വചിത്രം ലോകത്തിനു സമ്മാനിക്കുന്നത് ഈ സെഹിയോൻ വിരുന്നുശാലയാണ് എന്നൊരു പ്രത്യേകതയുമുണ്ട്. മൂന്നു വർഷത്തോളം യേശുവും ശിഷ്യരും ഒരുമിച്ചുണ്ടായിരുന്നെങ്കിലും എല്ലാവരും ഒരുമിച്ചുള്ള മറ്റൊരു ചിത്രവും കലാകാരന്റെ ഭാവനയിൽ തെളിഞ്ഞില്ല എന്ന യാഥാർത്ഥ്യം കൂടി ഇതിനൊപ്പം ഓർക്കുമ്പോഴാണ് സിനിമയിലെ ഈ സംഭാഷണവും സെഹിയോനിലെ വിരുന്നും തമ്മിലുള്ള ബന്ധം വ്യക്തമാവുക.


ഒരിക്കലെങ്കിലും ഈ സെഹിയോൻ ഊട്ടുശാലയെക്കുറിച്ച് ഒരു ചെറിയ ധ്യാനമെങ്കിലും എന്നിലുണ്ടായിട്ടുണ്ടോ? ജറുസലേമിലുള്ള ഒരു വലിയ മാളികമുറി മാത്രമാണോ ഈ ഊട്ടുശാല എനിക്ക്? തീർച്ചയായും അല്ല. ഏറ്റവും വലിയവനെന്റെ മുമ്പിൽ ഏറ്റവും ചെറുതാകുന്ന, കുമ്പിടുന്ന യഥാർത്ഥ മാതൃകയുണ്ടിവിടെ. ഞാനും എല്ലാവരെയും സ്നേഹിക്കണമെന്ന ആഹ്വാനമുണ്ടിവിടെ. എനിക്ക് അപ്പവും പാനീയവുമായി സ്വന്തം ശരീരവും രക്തവും പകുത്തുനൽകുന്ന വിശുദ്ധ ബലിയുണ്ടിവിടെ. ഞാനാണ് വലിയവനെന്ന എന്റെ മത്സരഭാവമുണ്ടിവിടെ. എന്റെ കാര്യത്തിൽ നീ ഇടപെടേണ്ട എന്ന തടസ്സം നിൽക്കലുണ്ടിവിടെ. ഞാൻ കാട്ടുന്ന വഞ്ചനയുടെയും തള്ളിപ്പറച്ചിലിന്റെയും വെളിപ്പെടുത്തലുണ്ടിവിടെ. എനിക്കൊരു മാറ്റവും സംഭവിക്കില്ല എന്ന എന്റെ അഹങ്കാരമുണ്ടിവിടെ. ഞാനല്ല നീയാണ് എന്ന കൈചൂണ്ടലുണ്ടിവിടെ. വഞ്ചന കാട്ടുന്ന എന്റെ ഉള്ളിലെ വേദനയും കുറ്റബോധവും ഉണ്ടിവിടെ. എന്റെ ജീവിതത്തിന്റെ എല്ലാ ചിന്തകളും വികാരങ്ങളും ഈ സെഹിയോൻ ഊട്ടുശാലയിലുണ്ട്. ഈ ഊട്ടുശാല എന്റെ ജീവിതമാണ്.

**ഫാ. വിൻസെന്റ് ശ്രാമ്പിക്കൽ MCBS**

www.lifeday.in



www.malankaralibrary.com



പെസഹാ ആരാധന 1

# പെസഹാ അനുഭവം

*ആമുഖം*

*നേതാവ്:-* പെസഹാ അനുഭവത്തിന്റെ നിമിഷങ്ങളിലാണ് നാമിപ്പോൾ. കുർബാനയപ്പത്തിന്റെ സാമീപ്യം ആസ്വദിക്കുകയായിരുന്നു. കുർബാനയപ്പത്തിന്റെ സാന്നിധ്യം നമുക്കിപ്പോൾ അനുഭവിച്ചറിയാം. ആ സാന്നിധ്യം കൂടുതലായി നമുക്ക് ആസ്വദിക്കാം. കണ്ണുകളടച്ച്, കൈകൾ കൂപ്പി ആരാധനയുടെ ഒരു ഗാനം ഉച്ചസ്വരത്തിൽ ഒന്നിച്ചു പാടാം.

*ഗാനം:-* ആരാധനയ്ക്കേറ്റം യോഗ്യനായവനേ
അനശ്വരനായ തമ്പുരാനേ
അങ്ങേ സന്നിധിയിൽ
അർപ്പിക്കുന്നീ കാഴ്ചകൾ
അവിരാമം ഞങ്ങൾ പാടാം
ആരാധന... ആരാധന... നാഥാ ആരാധന...

www.lifeday.in



www.malankaralibrary.com

ഈ തിരുവോസ്തിയിൽ കാണുന്നു ഞാൻ
ഈശോയെ നിൻ ദിവ്യരൂപം
ഈ കൊച്ചു ജീവിതമേകുന്നു ഞാൻ
ഈ ബലിവേദിയിലെങ്ങും
അതിമോദം ഞങ്ങൾ പാടം
ആരാധന... ആരാധന...

ഈ നിമിഷം നിനക്കേകിടാനായ് എൻ
കൈയ്യിലില്ലൊന്നും നാഥാ
പാപവുമെന്നുടെ ദുഃഖങ്ങളും
തിരുമുൻപിലേകുന്നു നാഥാ
അതിമോദം ഞങ്ങൾ പാടാം
ആരാധന... ആരാധന...

*പ്രാർത്ഥനാ നേതാവ്:–* വിശുദ്ധ കുർബാനയിലൂടെ ഞങ്ങൾക്കായി സ്വയം നൽകുന്ന ഈശോയെ, ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. സ്തുതിക്കുന്നു. നന്ദി പറയുന്നു. പെസഹാത്തിരുന്നാളിൽ അങ്ങ് ഞങ്ങൾക്കായി വിശുദ്ധ കുർബാന സ്ഥാപിച്ചല്ലോ. ഇന്നും ഒരു പെസഹാദിനമാണ്. ഞങ്ങളിതാ അങ്ങയുടെ സന്നിധിയിലേയ്ക്ക് കടന്നുവന്നിരിക്കുന്നു. ആദ്യത്തെ പെസഹാദിനത്തിൽ ഇസ്രായേൽക്കാരെ മോചിപ്പിച്ചതുപോലെ അങ്ങയുടെ പെസഹാദിനത്തിൽ മാനവകുലത്തെ മുഴുവൻ മോചിപ്പിച്ചതുപോലെ ഈ പെസഹാദിനത്തിൽ ഞങ്ങളെ ഓരോരുത്തരെയും പാപത്തിൽ നിന്നും അടിമത്വത്തിൽ നിന്നും മോചിപ്പിക്കണമേ. അങ്ങയുടെ വിശുദ്ധ കുർബാന സ്ഥാപനത്തിന്റെ ഓർമ്മ പുതുക്കുവാനും അനുഭവിക്കാനും ഈ ആരാധനാ സമയത്തിലേയ്ക്ക് ഞങ്ങളേവരും കടന്നുവന്നിരിക്കുന്നു. നാഥാ, ഞങ്ങളെ അനുഗ്രഹിക്കേണമേ. യേശുവേ, ഞങ്ങളിൽ കനിയേണമെ. തമ്പുരാനേ, ഞങ്ങളുടെ കൂടെ ആയിരിക്കേണമെ.

*നേതാവ്:–* എപ്പോഴും ഞങ്ങളുടെ കൂടെ ആയിരിക്കുന്ന പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്

*സമൂഹം:–* എന്നേരവും ആരാധനയും സ്തുതിയും പുകഴ്ച്ചയും ഉണ്ടായിരിക്കട്ടെ.



www.malankaralibrary.com

*നേതാവ്:-* വിശുദ്ധ കുർബാനയിലൂടെ ഞങ്ങൾക്ക് സ്വയം നൽകുന്നപരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന്

*സമൂഹം:-* എന്നേരവും ....

*നേതാവ്:-* ഓരോ നിമിഷവും ഞങ്ങളെ കാത്തുപരിപാലിക്കുന്ന പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്

*സമൂഹം:-* എന്നേരവും ...

*(ഇരിക്കുവാൻ നിർദേശം നൽകുന്നു. വിചിന്തനത്തിന് സഹായകമാകുന്ന ഉപകരണസംഗീതം താഴ്ന്ന ശബ്ദത്തിൽ ഉപയോഗിക്കുന്നത് നല്ലതാണ്. നിർത്തിനിർത്തി സാവകാശം വിചിന്തനം പറയുന്നു. ഇരിക്കുന്നു)*

*വിചിന്തനം*

*നേതാവ്:-* പെസഹാനുഭവത്തിന്റെ ആഴങ്ങളിലേയ്ക്കിറങ്ങാൻ ശ്രമിക്കുകയാണ് ആരാധനയുടെ ഈ മണിക്കൂറിൽ. ഈശോയുടെ പെസഹാ ആഘോഷത്തിൽ നമ്മൾ പങ്കുചേരുന്നു. അത് നമ്മൾ അനുഭവിക്കുന്നു. വിശുദ്ധ കുർബാന സ്ഥാപനത്തിനു മുൻപ് യേശു രണ്ടുതരം ഒരുക്കങ്ങൾ നടത്തുന്നതായി നാം കാണുന്നു. ഒന്ന്, അകന്ന ഒരുക്കം - പെസഹാ ഒരുക്കാൻ ശിഷ്യന്മാരെ അയയ്ക്കുന്നതുവഴി ഇത് തുടരുന്നു. രണ്ട്, അടുത്ത ഒരുക്കം- ശിഷ്യരുടെ കാലുകൾ കഴുകി ഇത് നടത്തി. അതിനു ശേഷമാണ് അവിടുന്ന് വിശുദ്ധ കുർബാന സ്ഥാപിച്ചത്. ശിഷ്യരിലൂടെ അവിടുന്ന് നടത്തിയ അകന്ന ഒരുക്കത്തിലും പാദങ്ങൾ കഴുകി അവിടുന്ന് നടത്തിയ അടുത്ത ഒരുക്കത്തിലും പങ്കുചേർന്ന് നമ്മെ ഒരുക്കിക്കൊണ്ട് അപ്പം മുറിക്കലിന്റെ, കുർബാനയപ്പത്തിന്റെ പെസഹാനുഭവത്തിൽ നിറയാൻ നമുക്കാഗ്രഹിക്കാം. പ്രാർത്ഥിക്കാം.

*വചനം: ലൂക്കാ 22:7-13*

പെസഹാക്കുഞ്ഞാടിനെ ബലികഴിക്കേണ്ടിയിരുന്ന പുളിപ്പില്ലാത്ത അപ്പത്തിന്റെ ദിനം വന്നുചേർന്നു. യേശു, പത്രോസിനെയും യോഹന്നാനെയും അയച്ചുകൊണ്ട് പറഞ്ഞു: നിങ്ങൾ പോയി നമുക്ക് പെസഹാ ഭക്ഷിക്കേണ്ട

www.lifeday.in



www.malankaralibrary.com

തിന് ഒരുക്കങ്ങൾ ചെയ്യുവിൻ. അവർ അവനോടു ചോദിച്ചു. ഞങ്ങൾ എവിടെ ഒരുക്കണമെന്നാണ് നീ ആഗ്രഹിക്കുന്നത്? അവൻ പറഞ്ഞു: ഇതാ, നിങ്ങൾ പട്ടണത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവൻ പ്രവേശിക്കുന്ന വീട്ടിലേയ്ക്ക് നിങ്ങൾ അവനെ പിന്തുടരുക. ആ വീടിന്റെ ഉടമസ്ഥനോടു പറയുക: ഗുരു നിന്നോട് ചോദിക്കുന്നു, എന്റെ ശിഷ്യന്മാരോടു കൂടെ ഞാൻ പെസഹാ ഭക്ഷിക്കുന്നതിനുള്ള വിരുന്നുശാല എവിടെയാണ്? സജ്ജീകൃതമായ ഒരു വലിയ മാളികമുറി അവൻ നിങ്ങൾക്ക് കാണിച്ചുതരും. അവിടെ ഒരുക്കുക. അവർ പോയി അവൻ പറഞ്ഞതുപോലെ കണ്ടു; പെസഹാ ഒരുക്കുകയും ചെയ്തു.

*നേതാവ്:-* പെസഹായുടെ ഒരുക്കം തുടങ്ങുന്നു. ഈശോ പത്രോസിനെയും യോഹന്നാനെയും അയയ്ക്കുകയാണ് പെസഹാ ഒരുക്കാൻ. തനിക്കും കൂടെയുള്ള ശിഷ്യർക്കും വേണ്ടി പെസഹാ ഒരുക്കാൻ. ആരാധനയുടെ നിമിഷങ്ങളിൽ നമുക്ക് തമ്പുരാനാൽ അയയ്ക്കപ്പെടാം. പത്രോസിനെയും യോഹന്നാനെയും പോലെ. എല്ലാവർക്കും വേണ്ടി പെസഹാ ഒരുക്കാൻ നമുക്ക് നമ്മുടെ വീടുകളിലേയ്ക്ക് പോകാം. ജോലിസ്ഥലത്തേയ്ക്ക് പോകാം. നമ്മുടെ നാട്ടിലേക്ക് പോകാം. നമ്മുടെ ചുറ്റുപാടുകളിലേയ്ക്കു പോകാം. ഒരുപാട് പേരുണ്ട് ഈ ആരാധനയിൽ പങ്കുചേരാൻ പറ്റാത്തവർ. തിരക്കുകളുള്ളവർ, സമയമില്ലാത്തവർ, രോഗം മൂലം വരാൻ പറ്റാത്തവർ, വരാൻ താൽപര്യമില്ലാത്തവർ - എല്ലാവരെയും നമുക്ക് കൂട്ടികൊണ്ടുവരാം. അവരെ സമർപ്പിച്ച് പ്രാർത്ഥിക്കാം. അവർക്കെല്ലാവർക്കും വേണ്ടി നമുക്ക് പെസഹാ ഒരുക്കാം; യോഹന്നാനെയും പത്രോസിനെയുംപോലെ.

*(ഓരോ പ്രാർത്ഥനയ്ക്ക് ശേഷവും സമർപ്പണത്തിന്റെ ഈരടികൾ പാടുക. ഓരോ ഇടവകയ്ക്കും സമൂഹത്തിനും അനുയോജ്യമായ സമർപ്പണത്തിന്റെ പ്രാർത്ഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്.)*

*നേതാവ്:-* ഈ ആരാധനയിൽ പങ്കുചേരാൻ കഴിയാതെ



www.malankaralibrary.com

ഞങ്ങളുടെ വീടുകളിലായിരിക്കുന്ന ഞങ്ങളുടെ പ്രിയപ്പെ ട്ടവരെ സമർപ്പിക്കുന്നു.

*ഗായക.:-* നാഥാ സമർപ്പിക്കുന്നു...
ഇവരെ സമർപ്പിക്കുന്നു...
പൂർണ്ണമായർപ്പിക്കുന്നു...
കാഴ്ചയായർപ്പിക്കുന്നു...

*നേതാവ്:-* രോഗം മൂലം ഇവിടെ വരാൻ പറ്റാതെപോയ ഞങ്ങളുടെ പ്രിയപ്പെട്ടവരെ സമർപ്പിക്കുന്നു.

അർപ്പണം അർപ്പണം ആത്മാർപ്പണം
യേശുവെ, നിൻ മുമ്പിൽ ഹൃദയാർപ്പണം...

*നേതാവ്:-* ജോലിയിൽ നിന്നും അവധി കിട്ടാത്തതിനാൽ ഈ ആരാധനയിൽ പങ്കുകൊള്ളാൻ പറ്റാതെപോയ വരെ...

*ഗായക.:-* സമർപ്പണത്തിൻ സമയമായി
സമർപ്പിക്കുവിൻ സകലതും
ദൈവം നിന്നോടു ചോദിപ്പതൊക്കെയും
നൽകുവാൻ ഒരുങ്ങീടുവിൻ

*നേതാവ്:-* തിരക്കുപിടിച്ച യാത്രകളിലായതിനാൽ ആ രാധനയിൽ പങ്കുചേരാൻ പറ്റാത്തവരെ; വിശ്വാസം ഉ പേക്ഷിച്ച് ആരാധനയുടെയൊന്നും ആവശ്യമില്ല എന്ന് കരുതിക്കഴിയുന്നവരെ; അന്നന്നത്തെ അപ്പത്തിനു വേ ണ്ടി അദ്ധ്വാനിക്കുന്നതിനാൽ വരാൻ പറ്റാത്തവരെ; നമ്മു ടെ രാഷ്ട്രത്തെ, രാഷ്ട്രീയനേതാക്കളെ, എല്ലാ ജനങ്ങളെ യും; സഭയെ സമർപ്പിക്കാം, സഭയ്ക്ക് നേതൃത്വം നൽകു ന്നവരെ; ഇടവകയെ സമർപ്പിക്കാം; ഇടവകയെ നയിക്കു ന്ന ബഹു. വികാരിയച്ചനെയും സഹ-വികാരിയച്ചനെ യും; ഇടവകയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ബഹു. സിസ്റ്റേഴ്സിനെയും ഇടവകയിലെ ഓരോ കുടുംബത്തെ യും സമർപ്പിച്ച് പ്രാർത്ഥിക്കാം.

*എഴുന്നേറ്റുനിന്ന് ഇരുകരങ്ങളും നെഞ്ചോടു ചേർത്തുപിടിച്ച് ചൊല്ലിത്തരുന്ന പ്രാർത്ഥന ഏറ്റുചെല്ലാം. (എഴുന്നേൽക്കുന്നു.*



www.lifeday.in

www.malankaralibrary.com

*പ്രാർത്ഥന ചൊല്ലിക്കൊടുക്കുന്നു)*

*പ്രാർത്ഥനാ നേതാവ്:-* ദിവ്യകാരുണ്യമേ/നല്ല ഈ ശോയെ/ ഞങ്ങളുടെ മനസ്സിലുള്ള സകല വിചാരങ്ങളും/ വികാരങ്ങളും/ ആശങ്കകളും/ അസ്വസ്ഥതകളും/ ആശയും നിരാശയും/ സ്നേഹവും വെറുപ്പും/ നിനക്ക് സമർപ്പിക്കുന്നു/. തമ്പുരാനെ/ ഉള്ളിലുള്ള നന്മയും തിന്മയും/ വിശുദ്ധിയും അശുദ്ധിയും/ നിനക്ക് തരുന്നു/ തമ്പുരാനെ/ എന്റെ സ്വപ്നങ്ങളും/ പ്രതീക്ഷകളും/ നിന്റെ മുമ്പിൽ കാഴ്ച വയ്ക്കുന്നു/ നാഥാ/ ഞങ്ങളെ കഴുകി വിശുദ്ധീകരിക്കേണമെ/ ഞങ്ങളുടെ ചിന്തകളെ/ വിശുദ്ധീകരിക്കേണമെ/ ഞങ്ങളുടെ വികാരങ്ങളെ/ വിശുദ്ധീകരിക്കേണമെ/ നാഥാ/ എന്നും/ ഞങ്ങളുടെ കൂടെ ആയിരിക്കേണമെ.

*(തുടർന്ന് സമർപ്പണഗാനം ആലപിക്കുന്നു)*

*ഗായക.:-* സമർപ്പണം ചെയ്തിടുന്നേശുവേ...
മനവും ഹൃദയവും അങ്ങേയ്ക്കിതാ...
നാഥാ സ്വീകരിക്കൂ...
എന്നെ സ്വീകരിക്കൂ....
നിന്റേതായ് തീർത്തീടുവാൻ കനിയൂ (2)

കാൽവരിയിലെ ആത്മാർപ്പണം
ഓർക്കുന്ന ഈ വേളയിൽ
എനിക്കേകുവാനെന്നെ മാത്രം
നാഥാ സ്വീകരിക്കൂ... എന്നെ സ്വീകരിക്കൂ...
നിന്റേതായ് തീർത്തിടുവാൻ കനിയൂ (2)

*നേതാവ്:-* പെസഹാനുഭവത്തിന്റെ അടുത്ത ഒരുക്കത്തിലേക്ക് നമുക്ക് പ്രവേശിക്കാം. നമുക്ക് വചനം ശ്രവിക്കാം.

*വചനം: യോഹ. 13:4-9*

അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തൂവാലയെടുത്ത് അരയിൽക്കെട്ടി. അനന്തരം, ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തൂവാല കൊണ്ട് തുടയ്ക്കുവാനും തുടങ്ങി. അവൻ ശിമയോൻ പത്രോസിന്റെ



www.malankaralibrary.com

അടുത്തെത്തി. പത്രോസ് അവനോട് ചോദിച്ചു: കർത്താവേ, നീ എന്റെ കാൽ കഴുകുകയോ? യേശു പറഞ്ഞു: ഞാൻ ചെയ്യുന്നതെന്തെന്ന് ഇപ്പോൾ നീ അറിയുന്നില്ല; എന്നാൽ പിന്നീട് അറിയും. പത്രോസ് പറഞ്ഞു: നീ ഒരിക്കലും എന്റെ പാദം കഴുകരുത്. യേശു പറഞ്ഞു: ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല. ശിമയോൻ പത്രോസ് പറഞ്ഞു: കർത്താവേ, എങ്കിൽ എന്റെ പാദങ്ങൾ മാത്രമല്ല; കരങ്ങളും ശിരസ്സും കൂടി കഴുകണമേ!

*(ഇരിക്കുവാൻ നിർദ്ദേശം നിൽകുന്നു. തുടർന്നുള്ള വിചിന്തനത്തിനും ഉപകരണസംഗീതം ഉപയോഗിക്കാവുന്നതാണ്. എല്ലാവരും ഇരിക്കുന്നു)*

*വിചിന്തനം*

*നേതാവ്:-* ശിഷ്യരായ യോഹന്നാനെയും പത്രോസിനെയും അയച്ച് അകന്ന ഒരുക്കം നടത്തിയ ഈശോ, ഇവിടെ അവിടുന്ന് തന്റെ ശിഷ്യരെ പെസഹാനുഭവത്തിനായി അടുത്ത് ഒരുക്കുകയാണ്; ഓരോരുത്തരെയും വ്യക്തിപരമായി ഒരുക്കുകയാണ്. ഓരോരുത്തരുടെയും പാദങ്ങൾ കഴുകിത്തുടച്ച് ചുംബിച്ചുകൊണ്ട്. നമുക്കും ഇപ്പോൾ ഒരുക്കപ്പെടാം-തമ്പുരാനീശോയാൽ. ഓരോരുത്തർക്കും വ്യക്തിപരമായി ഒരുക്കപ്പെടാം. അവിടുന്ന് എഴുന്നേറ്റ് എന്റെ മുമ്പിൽ മുട്ടുകുത്തുകയാണ്. എന്നെയും കഴുകി ഒരുക്കുവിൻ. അവിടുന്ന് എന്നെ കഴുകുന്നില്ലെങ്കിൽ എനിക്ക് അവിടത്തോടുകൂടെ പങ്കില്ല. അവിടുന്ന് നമ്മുടെ ഓരോരുത്തരുടെയും പാദങ്ങൾ കഴുകിത്തുടച്ച് ഉമ്മവയ്ക്കുന്നതിന്റെ അനുഭവം നുകരാം. നമുക്ക് അവിടുത്തെ സന്നിധിയിൽ നിശബ്ദരായി വെറുതെയിരിക്കാം.

*(അൽപനേരത്തേയ്ക്ക് നിശബ്ദത. പ്രാർത്ഥനയ്ക്ക് സഹായകമായ രീതിയിൽ ഉപകരണസംഗീതം ഉപയോഗിക്കാവുന്നതാണ് വിചിന്തനം തുടരുന്നു...)*

*നേതാവ്:-* നമ്മുടെ വിഷമങ്ങളും വേദനകളും ആകുലതകളും ആശങ്കകളും ആശകളും അനുഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും നമുക്ക് നമ്മുടെ ഓർമ്മയിലേയ്



www.malankaralibrary.com

ക്ക് കൊണ്ടുവരാം. കാല് കഴുകുവാൻ മുട്ടുകുത്തി നിൽക്കുന്ന ഈശോയോട് എല്ലാം തുറന്നുപറയാം. എന്നിൽ പാപമില്ലെന്ന ഭാവം എനിക്കുണ്ട്. നീതിമാനെന്ന് ചമയാറുണ്ട്. അങ്ങ് എന്റെ പാദം കഴുകേണ്ടതുണ്ടോ എന്ന് ചിന്തിച്ച നിമിഷങ്ങൾ, അവിടുന്ന് എന്റെ മുമ്പിൽ കാത്തിരിക്കുന്നു. എന്റെ വേദനയുടെ കഥകൾ കേൾക്കാൻ, എന്നെ കഴുകുത്തുടച്ച് ഉമ്മ വയ്ക്കാൻ, നമുക്ക് മനസ് തുറന്ന് നമ്മുടെ വേദനകളെല്ലാം തമ്പുരാന്റെ മുമ്പിൽ പങ്കിടാം. നമുക്ക് പാടി പ്രാർത്ഥിക്കാം.

*ഗായക.:-* ഒരു നിമിഷം എൻ യേശുവിൻ മുമ്പിൽ...
ഒന്ന് മനസ്സു തുറന്ന് പങ്കിടാൻ ദാഹം...
കദനമേറുമെൻ കഥ പറയുമ്പോൾ...
കരുണയോടതു മുഴുവൻ കേൾക്കാൻ
നാഥാ, നീ മാത്രം കാത്തിരുന്നിതു വരെയും...
ക്രൂശിൽ നീ ചേർത്തു...
എന്റെ രോഗദുരിതങ്ങളെല്ലാം...
(ഒരു നിമിഷം)

കാരിരുമ്പിൻ ആണിയേക്കാൾ
കഠോര വേദനയേകി ഞാൻ...
ഏറെ നാളായ് പാപം ചെയ്തു
നിനക്ക് മുൾമുടി മെനഞ്ഞു ഞാൻ
ക്രൂശിതാ ക്ഷമിക്കൂ...
മറന്നുപോകില്ല നിൻ സ്നേഹം ഞാൻ
മനസ്സ് ഞാനങ്ങിലർപ്പിച്ചിടാം...
(ഒരു നിമിഷം...)

പാപമെന്നിൽ ഇല്ലായെന്ന്...
നിരന്തരം ഞാനോർത്തു പോയ്...
നീതിമാനായ് ഞാൻ ചമഞ്ഞ് ചെയ്യേണ്ട
നന്മകൾ മറന്നു പോയ്
യേശുവെ കനിയൂ....
അകന്നുപോകാതെ എന്നാത്മനെ...
പകരണേയെന്നുമെൻ ജീവനിൽ....
(ഒരു നിമിഷം)

*നേതാവ്:-* നാം ഇപ്പോൾ ഒത്തിരിയേറെ ശാന്തത അനു



www.malankaralibrary.com

ഭവിക്കുന്നു. തമ്പുരാനാൽ കഴുകി ഒരുക്കപ്പെട്ടതിന്റെ ശാന്തത. ഈ ശാന്തതയോടുകൂടി ഒരുക്കത്തോടെ അപ്പം മുറിക്കലിന്റെ പെസഹാനുഭവത്തിലേക്ക് നമുക്ക് പോകാം.

*വചനം: മർക്കോ. 14:22-25*

അവർ ഭക്ഷിച്ചുകൊണ്ടിരുന്നപ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് അവർക്കു നൽകിക്കൊണ്ട് അരുൾ ചെയ്തു: ì നിങ്ങൾ ഇത് സ്വീകരിക്കുവിൻ; ഇത് എന്റെ ശരീരമാണ്.î അനന്തരം പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു നൽകി. എല്ലാവരും അതിൽ നിന്ന് പാനം ചെയ്തു. അവൻ അവരോട് അരുൾചെയ്തു: ì ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും പുതിയ ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ദൈവരാജ്യത്തിൽ ഞാൻ ഇത് നവമായി പാനം ചെയ്യുന്ന ദിവസം വരെ മുന്തിരിയുടെ ഫലത്തിൽ നിന്ന് ഇനി ഞാൻ കുടിക്കുകയില്ല.î

*വിചിന്തനം*

*നേതാവ്:-* ഈശോ മുറിയപ്പെടുകയാണ്. എനിക്കുവേണ്ടി ഈശോ തന്നെത്തന്നെ മുറിച്ചു വിളമ്പുകയാണ്. ഈശോ ക്ഷണിക്കുകയാണ്, ì എന്റെ അടുത്തു വരിക. കാണുക. ഇതാ, എന്റെ ശരീരം; ഇത് നീ ഭക്ഷിക്കുക. ഇതാ, എന്റെ രക്തം; ഇത് നീ കുടിക്കുക.î ഈശോ മുറിയപ്പെടുകയാണ് എനിക്കുവേണ്ടി. ഈശോ തന്നെത്തന്നെ മുറിച്ചു വിളമ്പുകയാണ്. എന്റെ അപ്പമായിത്തീരുകയാണ്.

*ഗായക.:-* ദിവ്യകാരുണ്യമേ ബലിവേദിയിൽ
ഞങ്ങൾക്കായ് മുറിയും അപ്പമാണു നീ
ജീവൻ സമൃദ്ധമായ് ഉണ്ടാകുവാൻ
സ്വയമെ ശൂന്യമാകുന്നു (ദിവ്യകാരുണ്യ...)

മേശയ്ക്കുചുറ്റും ഒരുമിച്ചുകൂട്ടുന്ന
സ്നേഹവിരുന്നാണ് നീ (2)
ഭിന്നതകൾ വെടിഞ്ഞൊന്നുചേരാൻ
കൂട്ടായ്മയിൽ വളർന്നീടാൻ



www.malankaralibrary.com

ഐക്യത്തിൽ ഞങ്ങൾ
പുലരാൻ തുണയ്ക്കും
പങ്കുവയ്പ്പനുഭവം നൽകിയാലും
(ദിവ്യകാരുണ്യ...)

അനുരഞ്ജനത്തിന്റെ വരദാനമേകുന്ന
കൂദാശയർപ്പണമല്ലോ (2)
ശത്രുതകൾ അകന്നൊന്നു ചേരാൻ
രമ്യതയിൽ തഴച്ചീടാൻ
സ്വർഗ്ഗത്തിൽ ഞങ്ങൾ
വാഴാൻ തുണയ്ക്കും
ബലിദാന ചൈതന്യമേകിയാലും
(ദിവ്യകാരുണ്യ...)

*നേതാവ്:*- ഈശോ എന്റെ ഉള്ളിലാവുകയാണ്. ഈശോയുടെ കൂടെ ആയിരിക്കാനാണ് ഞാൻ ആഗ്രഹിച്ചത്. എന്നാൽ, അവിടുന്ന് എന്റെ ഉള്ളിലാവുകയാണ്. ഇതാണ് കുർബാനയനുഭവം. ഇന്ന് ഇപ്പോൾ നാം ഇത് അനുഭവിക്കുന്നു. മുട്ടുകുത്തി നിന്ന് ചൊല്ലിത്തരുന്ന പ്രാർത്ഥന നമുക്ക് ഏറ്റുചൊല്ലാം.

*(എല്ലാവരും മുട്ടുകുത്തുന്നു. പ്രാർത്ഥന ചൊല്ലിക്കൊടുക്കുന്നു)*

*നേതാവ്:*- എന്റെ ഈശോയെ/ നീ എന്റെ ഉള്ളിൽ വന്നതിനുശേഷം/ എന്നെ വിട്ട്/ എങ്ങും പോകരുതേ/ അങ്ങേയ്ക്കിഷ്ടമുള്ള/ പ്രവൃത്തികൾ ചെയ്ത്/ എന്റെ ഹൃദയത്തിൽ/ ഒരു നല്ല പൂമണ്ഡലം/ ഒരുക്കാം/ എപ്പോഴും/ അങ്ങ് എന്റെ കൂടെ/ ഉണ്ടായിരിക്കണമേ/ എന്റെ എല്ലാ പ്രവർത്തികളെയും/ വിശുദ്ധീകരിക്കണമെ/ സദാ/ എന്നെ നയിക്കേണമെ/ ഒരിക്കലും/ എന്നിൽ നിന്ന്/ അകന്നുപോകരുതേ.

*നേതാവ്:*- നമുക്ക് കൈകൾ യാചനാരൂപത്തിൽ പിടിച്ച് ì വാ...വാ... യേശു നാഥാ î എന്ന ഗാനം പാടിക്കൊണ്ട് യേശുവിന്റെ ആശീർവാദം സ്വീകരിക്കാം.



www.malankaralibrary.com

*ഗായക.:-* വാ... വാ... യേശുനാഥാ...
വാ... വാ... സ്നേഹനാഥാ...
ഹാ... എൻ ഹൃദയം തേടീടും സ്നേഹമേ നീ
വാ... വാ... യേശുനാഥാ...

നീയെൻ പ്രാണനാഥൻ
നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ
വാ... വാ...യേശുനാഥാ...

പാരിലില്ലിതു പോൽ
വാനിലില്ലിതു പോൽ
നീയൊഴിഞ്ഞുള്ളോരാനന്ദം
ചിന്തിച്ചീടാൻ
വാ... വാ... യേശുനാഥാ...

പൂക്കൾക്കില്ല പ്രഭ
തേൻമധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല
വാ... വാ... യേശുനാഥാ...

വേണ്ട പോകരുതേ...
നാഥാ നിൽക്കേണമേ...
തീർത്തുക്കൊള്ളാം ഞാൻ
നല്ലൊരു പൂമണ്ഡപം
വാ... വാ... യേശുനാഥാ...

ആധി ചേരുകിലും
വ്യാധി നോവുകിലും
നീയരികിലെന്നാ-
ലെനിക്കാശ്വാസമേ
വാ... വാ... യേശുനാഥാ...

**ഫാ. വിൻസന്റ് ശ്രാമ്പിക്കൽ** MCBS

www.lifeday.in



www.malankaralibrary.com



പെസഹാ ആരാധന 2

## ഓ, ദിവ്യകാരുണ്യമേ...

*(എല്ലാവരും പൊതു ആരാധനയ്ക്കായി മുട്ടിന്മേൽ നിൽക്കുന്നു. പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിന് എന്നുള്ള ജപം മൂന്ന് പ്രാവശ്യം ആവർത്തിച്ചു ചൊല്ലുന്നു. സ്ത്രീകളും പുരുഷന്മാരും മാറിമാറി ചെല്ലണം)*

*പുരു.:-* പരിശുദ്ധപരമ ദിവ്യകാരുണ്യത്തിന് (3 പ്രാവശ്യം)

*സ്ത്രീ.:-* എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ (3 പ്രാവശ്യം)

*(തുടർന്ന് ഗായകസംഘം ഗാനരൂപത്തിൽ ആലപിക്കുന്നു)*

*ഗായക.:-* പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ
എന്നുമെന്നും നിനക്കാരാധന (2)

പൂർണ്ണമനസ്സോടും പൂർണ്ണഹൃദയമോടും
പൂർണ്ണാത്മാവോടും ദൈവമേ
നിന്നെ ഞാൻ സ്നേഹിക്കുന്നു (2)

പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ

www.lifeday.in



www.malankaralibrary.com

എന്നുമെന്നും നിനക്കാരാധന (2)

*കാർമ്മി:-* പെസഹാവ്യാഴത്തിന്റെ സമ്മാനമായ വി. കുർബാന രാവിലെ ആഘോഷമായി നാം അർപ്പിച്ചു. അതിനുശേഷം വി. കുർബാന എന്ന മഹാരഹസ്യത്തിന് മുന്നിലിരുന്ന് ഈ ദിനം മുഴുവൻ നാം അവിടുത്തെ ആരാധിച്ചു; സ്തുതിച്ചു; അവിടുത്തേക്ക് നന്ദിപറഞ്ഞു. ഈശോ നമ്മുടെ കൂടെയായിരുന്നു. അവിടുന്ന് പറഞ്ഞു: ì യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോട് കൂടെയായിരിക്കുംî (മത്തായി 28:19). മാറ്റമില്ലാത്ത അങ്ങയുടെ തിരുവചനത്തിന് ഈശോയെ, ആരാധന. പരിധിയല്ലാതെ ഞങ്ങളെ സ്നേഹിക്കുന്നതിനും കുറവുകളില്ലാതെ സംരക്ഷിക്കുന്നതിനും ഈശോയെ, ആരാധന. അങ്ങയുടെ ശരീരം ഞങ്ങൾക്ക് ഭക്ഷണമായി തന്ന അങ്ങയുടെ സ്നേഹത്തിന് ആരാധന. ആത്മാവിലും സത്യത്തിലും ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു.

*ഗായക.:-* ആരാധനയ്ക്കേറ്റം യോഗ്യനായവനേ...
അനശ്വരനായ തമ്പുരാനേ...
അങ്ങേ സന്നിധിയിൽ...
അർപ്പിക്കുന്നീ കാഴ്ചകൾ...

അവിരാമം ഞങ്ങൾ പാടാം...
ആരാധനാ... ആരാധന...
നാഥാ ആരാധനാ...

*(ഗായകസംഘം ആവർത്തിക്കുന്നു: ആരാധനാ... ആരാധന...)*

*കാർമ്മി:-* ഈശോയെ, അങ്ങയുടെ അനുഗ്രഹങ്ങളെ ഓർത്ത്...
*ഗായക:-* ആരാധന... ആരാധന...

*കാർമ്മി:-* മാതാപിതാക്കളെ സമർപ്പിച്ചുകൊണ്ട്
*ഗായക:-* ആരാധന... ആരാധന...

*കാർമ്മി:-* പ്രിയപ്പെട്ട മക്കളെ സമർപ്പിച്ചുകൊണ്ട്
*ഗായക:-* ആരാധന... ആരാധന...

*കാർമ്മി:-* ഞങ്ങളുടെ രോഗങ്ങളെയും സഹനങ്ങളെയും സമർപ്പിച്ച്



www.malankaralibrary.com

*ഗായക*:- ആരാധന... ആരാധന...

*കാർമ്മി*:- സങ്കടങ്ങളെയും ഭാരങ്ങളെയും ഭരമേൽപ്പിച്ച്
*ഗായക*:- ആരാധന... ആരാധന...

*കാർമ്മി*:- ഇടവക കൂട്ടായ്മയെ സമർപ്പിച്ച്
*ഗായക*:- ആരാധന... ആരാധന... യേശുവേ ആരാധന (2) *(സ്വരം പടിപടിയായി താഴ്ത്തി)*

*കാർമ്മി*:- ശാന്തമായി നമുക്ക് ഇരിക്കാം. *(എല്ലാവരും ഇരിക്കുന്നു)*

ഈ പെസഹാദിനത്തിൽ നാം ഓർക്കേണ്ട, ധ്യാനിക്കേണ്ട 3 വ്യക്തിത്വങ്ങളുണ്ട്. ഒന്ന്, നമ്മുടെ കർത്താവായ ഈശോ; രണ്ട്, അവിടുത്തെ ഒറ്റിക്കൊടുത്ത യൂദാസ്; മൂന്ന് ഈശോയെ തള്ളിപ്പറഞ്ഞ പത്രോസ്. ഇവരുടെ ജീവിതത്തിലൂടെ യാത്ര ചെയ്ത്, നമ്മുടെ ജീവിതത്തെ നല്ലൊരു ആത്മശോധനയ്ക്ക് വിഷയമാക്കിയും, തമ്പുരാനോട് മാപ്പപേക്ഷിച്ചും, നമ്മുടെ ജീവിതത്തെ തിരുത്തിയും ഈശോയ്ക്ക് നന്ദി പറഞ്ഞും അവിടുത്തെ സ്നേഹിച്ചും ഈ ആരാധനയുടെ നിമിഷങ്ങൾ നമുക്ക് ചിലവഴിക്കാം.

*ഗായക.*:- പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ...
എന്നുമെന്നും നിനക്കാരാധന (2)

*കാർമ്മി*:- പത്രോസിനെയും യൂദാസിനെയും ഈശോ തന്റെ ശിഷ്യന്മാരാക്കി. രണ്ട് സന്ദർഭങ്ങളിൽ ഈശോ ഇരുവരെയും സാത്താൻ എന്നും വിളിക്കുന്നുണ്ട്. മത്തായി 16:23-ൽ നാം വായിക്കുന്നു: ì ഈശോ തിരിഞ്ഞ് പത്രോസിനോട് പറഞ്ഞു: സാത്താനെ എന്റെ മുന്നിൽ നിന്ന് പോകൂ.î കുരിശിന്റെ സഹനത്തിൽ നിന്നും ക്രിസ്തുവിനെ പിന്തിരിപ്പിക്കാൻ പത്രോസ് ശ്രമിച്ചതിന്റെ പേരിലായിരുന്നു അത്. നമുക്ക് ആത്മശോധന ചെയ്ത് പ്രാർത്ഥിക്കാം. ജീവിതത്തിന്റെ സഹനങ്ങളിലും കഷ്ടപ്പാടുകളിലും എന്റെ മനോഭാവം എന്ത്? പ്രിയപ്പെട്ടവർക്കു വേണ്ടി സ്നേഹത്തോടെ സഹനം ഏറ്റെടുക്കാനും മുറുമുറുപ്പ് കൂടാതെ ക്ഷമിക്കാനും എനിക്ക് കഴിയുന്നുണ്ടോ? (നിശബ്ദത)

*ഗായക*:- പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ...



www.malankaralibrary.com

എന്നുമെന്നും നിനക്കാരാധനാ
ഈ ലോകമോഹങ്ങളെക്കാൾ
ഈ ലോകവിജ്ഞാനത്തേക്കാൾ
എല്ലാറ്റിലും ഉപരിയായി
ഈശോയെ നിന്നെ ഞാൻ സ്നേഹിക്കുന്നു.

*കാർമ്മി*:- കഫർണാമിൽ വച്ചാണ് ഈശോ യൂദാസിനെ സാത്താൻ എന്ന് വിളിച്ചത്. നിങ്ങളിൽ ഒരുവൻ പിശാചാണ് എന്നാണ് ഈശോ പറഞ്ഞത് (യോഹ. 6:71). പിന്നീട് യോഹ. 13:27-ൽ നാം വായിക്കുന്നു, ì അപ്പക്കഷണം വാങ്ങിയ ഉടനെ സാത്താൻ അവനിൽ പ്രവേശിച്ചു.î

*കാർമ്മി*:- നമുക്ക് ആത്മശോധന ചെയ്യാം; പ്രാർത്ഥിക്കാം. എന്റെ ജീവിതത്തിലൂടെയും പ്രവർത്തികളിലൂടെയും ഞാൻ ഈശോയെ ഒറ്റിക്കൊടുക്കുന്നുണ്ടോ? ഈശോയോടാണോ, പണത്തോടാണോ എനിക്ക് കൂടുതൽ താൽപര്യം? (നിശബ്ദത)

*ഗായക*:- ഈ ലോകസമ്പത്തിനെക്കാൾ
ഈ ലോകബന്ധങ്ങളേക്കാൾ
എല്ലാറ്റിലും ഉപരിയായി
ഈശോയെ, നിന്നെ ഞാൻ
സ്നേഹിക്കുന്നു (2)

പരിശുദ്ധ പരമമാം ദിവ്യകാരുണ്യമേ
എന്നുമെന്നും നിനക്കാരാധന (2)

*കാർമ്മി*:- പത്രോസിനോടും യൂദാസിനോടും അവർ പരാജയപ്പെടുമെന്ന് ഈശോ മുന്നറിയിപ്പ് നൽകിയിരുന്നു. പത്രോസ് ആ മുന്നറിയിപ്പ് തിരസ്കരിച്ചുകൊണ്ട് പറഞ്ഞു. മത്തായി 26:33-ൽ നാം വായിക്കുന്നു. ì എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഇടറുകയില്ല.î യൂദാസിനും സമാനമായ ഒരു മുന്നറിയിപ്പ് ഈശോ നൽകിയിരുന്നു. മത്തായി 26:23-ൽ പറയുന്നു: ì എന്നോടുകൂടെ പാത്രത്തിൽ കൈമുക്കുന്നവൻ എന്നെ ഒറ്റിക്കൊടുക്കും.î ഈശോ പറഞ്ഞതുപോലെ പത്രോസ് അവിടുത്തെ തള്ളിപ്പറഞ്ഞ തിരുവചനഭാഗം നമുക്കിപ്പോൾ ശ്രദ്ധാപൂർവ്വം ശ്രവിക്കാം. *(സഹായി: മത്തായി 26:69-74 വരെ വായിക്കുന്നു)*



www.malankaralibrary.com

*കാർമ്മി:-* (വായന കഴിയുമ്പോൾ) ഇവിടെ പത്രോസിന്റെ വീഴ്ചയുടെ നാഴികയായി. ഗദ്സമെൻ തോട്ടത്തിൽ പടയാളികൾക്ക് യേശുവിനെ കാണിച്ചുകൊടുത്തപ്പോൾ യൂദാസും തിന്മയുടെ കൂട്ടുകാരനായി. നമുക്ക് ഈ വചനം ശ്രവിക്കാം. *(സഹായി: മത്തായി 26:47-50 വരെ വായിക്കുന്നു)*

*കാർമ്മി:-* ഇരുവരെയും അവരുടെ തിന്മകളിൽ നിന്നും ദൗർബല്യങ്ങളിൽ നിന്നും വിമോചിപ്പിക്കാൻ ഈശോ അവർക്ക് അനുകൂലമായി നിലകൊള്ളുകയാണ്. വചനത്തിൽ നിന്നും നമുക്കത് മനസ്സിലാക്കാം. *(സഹായി: ലൂക്കാ 22:61-62 വായിക്കുന്നു)*

*കാർമ്മി:-* ഒരു സ്നേഹിതനോടെന്നതു പോലെ ഇപ്രകാരം ചോദിച്ചു കൊണ്ടാണ് ഈശോ യൂദാസിന്റെ ചുംബനം ഏറ്റുവാങ്ങിയതും. *(സഹായി: ലൂക്കാ 22:47-48 വായിക്കുന്നു)*

*കാർമ്മി:-* ഈശോ തന്റെ നേത്രങ്ങൾ പത്രോസിനു നേരെയും അധരങ്ങൾ യൂദാസിനു നേരെയും തിരിച്ചു. തന്റെ തിരഞ്ഞെടുക്കപ്പെട്ടവരായ നമ്മെ ഓരോരുത്തരെയും വീണ്ടെടുക്കുവാനും രക്ഷിക്കാനും ഈശോ ഇതുപോലെ ഇന്നും വേദനയോടെ നമ്മെ നോക്കുന്നു. നമ്മോട് ചോദ്യം ചോദിക്കുന്നു.

*കാർമ്മി:-* നമുക്ക് മുട്ടിന്മേൽ ആയിരിക്കാം

*(എല്ലാവരും മുട്ടിന്മേൽ നിൽക്കുന്നു)*

കരങ്ങൾ നെഞ്ചോട് ചേർത്തുവച്ച് കണ്ണുകളടച്ച് പ്രാർത്ഥിക്കാം. ഈശോയെ, എന്നെ നോക്കേണമെ. എന്റെ ഹൃദയം കാണേണമെ. അതിനെ നിർമ്മലമാക്കേണമെ. ഈശോയെ, എന്നോട് സംസാരിക്കേണമെ. എന്റേയും എന്റെ കുടുംബത്തിന്റെയും കുറവുകൾ പറഞ്ഞുതരേണമെ. തെറ്റുകൾ തിരുത്തിത്തരേണമെ.

*ഗായക:-* നിർമ്മലമായൊരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ...
നേരായൊരു നൽ മാനസവും
തീർത്തരുൾകെന്നിൽ ദേവാ (2)



www.malankaralibrary.com

*കാർമ്മി:-* ലോകസുഖങ്ങളാകുന്ന 30 വെള്ളിക്കാശിനു വേണ്ടിയുള്ള എന്റെ യാത്രയിൽ ഈശോയെ, അങ്ങയെ എനിക്ക് നഷ്ടമായല്ലോ. ഞായറാഴ്ച കുർബാന നഷ്ടപ്പെടുത്തിക്കൊണ്ടുള്ള എന്റെ വ്യഗ്രതകളെ ഞാൻ ഓർക്കുന്നു. ഒന്നും ലാഭകരമായില്ല എന്നുമാത്രമല്ല, വലിയ സമ്പത്തായ അങ്ങയെ ഞാൻ നഷ്ടപ്പെടുത്തു കയും ചെയ്തു. ഈശോയെ, എന്നോട് ക്ഷമിക്കണമേ.

*ഗായക:-* അപരാധങ്ങൾ നീക്കണമെ...
പാപകടങ്ങൾ മായ്ക്കണമെ

*(എല്ലാവരും ചേർന്ന് ഒരിക്കൽക്കൂടി പാടുന്നു)*

*കാർമ്മി:-* ശാന്തമായി നമുക്കിരിക്കാം

*(എല്ലാവരും ഇരിക്കുന്നു)*

പത്രോസും യൂദാസും പശ്ചാത്തപിച്ചു. പക്ഷെ രണ്ടും തമ്മിൽ താരതമ്യം ചെയ്യാനാവാത്തവിധം വ്യത്യാസമുണ്ടായിരുന്നു. വചനത്തിൽ നിന്നും പത്രോസിന്റെ പശ്ചാത്താപം നമുക്ക് ശ്രവിക്കാം *(സഹായി: ലൂക്കാ 22: 61-62 വരെ വായിക്കുന്നു).*

യൂദാസിന്റെ മനസ്സുമാറ്റം നമുക്ക് ശ്രവിക്കാം *(സഹായി: മത്തായി 27:3-5 വരെ വായിക്കുന്നു).*

ഇവരിൽ ഒരാൾ ശിഷ്യരുടെ പട്ടികയിൽ ഒന്നാമതും മറ്റേയാൾ അവസാനവും വരുന്നു. കാരണം, പത്രോസ് അനുതപിച്ചത് കർത്താവിലും കർത്താവിനോടുമാണ്; യൂദാസ് അനുതപിച്ചത് തന്നോടു തന്നൊയിരുന്നു. മാത്രമല്ല, തനിക്ക് പാപത്തിന്റെ ശമ്പളം തന്നവനെ തേടിയാണ് പശ്ചാത്തപിക്കുന്ന മനസ്സുമായി യൂദാസ് ചെന്നത്. നമുക്ക് ആത്മശോധന ചെയ്ത് പ്രാർത്ഥിക്കാം. എന്റെ അനുതാപവും കുമ്പസാരവും എങ്ങനെ? പേരിനുവേണ്ടി മാത്രമോ? അതോ ഉള്ളിൽ തട്ടിയാണോ? *(നിശബ്ദം)*

ദൈവത്തിൽ പ്രത്യാശ വയ്ക്കാത്ത കുറ്റബോധം നിരാശയിലേയ്ക്കും മരണത്തിലേയ്ക്കും നമ്മെ നയിക്കും. ക്രിസ്തുവിൽ പ്രത്യാശയർപ്പിക്കുന്ന കുറ്റബോധം കരുണായി

www.lifeday.in



www.malankaralibrary.com

ലേയ്ക്കും പാപമോചനത്തിന്റെ സന്തോഷത്തിലേയ്ക്കും നമ്മെ നയിക്കും. 2 കോറി 7:10-ൽ നാം ഇപ്രകാരം വായിക്കുന്നു: ì ദൈവഹിതപ്രകാരമുള്ള ദുഃഖം രക്ഷാകരമായ പശ്ചാത്താപം ജനിപ്പിക്കുന്നു. അതിൽ ഖേദത്തിനവകാശമില്ല. എന്നാൽ, ലൗകികദുഃഖം മരണത്തിലേയ്ക്ക് നയിക്കുന്നു.î ദൈവത്തിൽ അനുതപിക്കുന്നതും സ്വയം അനുതപിക്കുന്നതും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചാണിത്. അതായത് പത്രോസും യൂദാസും അനുവർത്തിച്ച രീതികൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച്.

*ഗായക:-* കുരിശാണ് രക്ഷ കുരിശിലാണ് രക്ഷ
കുരിശേ നമിച്ചീടുന്നു (3)

പത്രോസും യൂദാസും ഒരുമിച്ചു താമസിച്ചു. ഒന്നിച്ച് ഭക്ഷണം കഴിച്ചു. ഒരേ വചനം കേട്ടു; ഒരേ കർത്താവിനോടും ഇടപഴകി ജീവിച്ചു. എന്നിട്ടും എന്തേ ഇങ്ങനെ? ആന്തരികമായി അവർ പുലർത്തിയ സമീപനമായിരുന്നു അവരുടെ ശിക്ഷയ്ക്കും രക്ഷയ്ക്കും കാരണമായത്. വചനം വീണ്ടും നമ്മെ ജാഗരൂകരാക്കുന്നു (സഹായി: ലൂക്കാ 17: 34-35 വായിക്കുന്നു)

*കാർമ്മി:-* എല്ലാവരും എഴുന്നേറ്റ് നിൽക്കുക

*ഗായക:-* എണ്ണമേറും പാപത്താൽ
ഭാരമേറും ജീവിതം
എണ്ണവറ്റിയ വിളക്കുമായ്
നീങ്ങിടുന്നു ജീവിതം

വീണുടഞ്ഞ മൺപാത്രമാണ് ഞാൻ
നാഥാ വീണ്ടുമൊരു ജനനം
നൽകീടണെ നാഥാ

കരുണ തോന്നണേ എന്നിൽ
അലിവ് തോന്നണെ
പാപിയാണ് ഞാൻ
നാഥാ പാപിയാണ് ഞാൻ (2)

*(ഗായകസംഘം, കരുണ തോന്നണെ... ആവർത്തിച്ചു പാടുന്നു)*

*കാർമ്മി:-* യൂദാസ് ദേവാലയപുരോഹിതന്മാരുടെ അ



www.malankaralibrary.com

ടുത്തേക്ക് രക്തത്തിന്റെ വിലയായ 30 വെള്ളിക്കാശ് തിരികെ കൊണ്ടുചെന്നു. അതെപ്പോഴും അങ്ങനെയായിരിക്കും. ക്രിസ്തുവിനെ ഉപേക്ഷിച്ചും തള്ളിപ്പറഞ്ഞും നാം എന്തു നേടിയാലും, ഉടനെയോ അൽപം കഴിഞ്ഞോ ആ നേടിയത് നമ്മെ മടുപ്പിക്കും. പിന്നീട് നമുക്കത് വേണ്ടാതെയാകും. വിശുദ്ധനായ യൂദാസാകേണ്ടവൻ ദ്രവ്യാഗ്രഹത്തിന്റെ പേരിൽ ഒന്നുമല്ലാത്തവനായി. യൂദാസിന്റെ വീഴ്ചയുടെ ആദ്യപടി പണത്തോടുള്ള ആർത്തിയായിരുന്നു. വചനം നമുക്കത് വെളിപ്പെടുത്തിത്തരുന്നു. *(സഹായി: യോഹ. 12:2-6 വരെ വായിക്കുന്നു)*

*കാർമ്മി:-* നമുക്ക് മുട്ടിന്മേൽ ആയിരിക്കാം. കൈകൾ കൂപ്പി പ്രാർത്ഥിക്കാം *(എല്ലാവരും മുട്ടിന്മേൽ നിൽക്കുന്നു).*

ഈശോയെ, ഏറ്റവും വലിയ സമ്പത്തായ അങ്ങയെ ഉപേക്ഷിക്കാൻ എന്നെ അനുവദിക്കരുതേ. പണത്തോടുള്ള കൊതിയിൽ നിന്നും എന്നെ മോചിപ്പിക്കണമെ. കൊടുക്കുന്നതിന്റെ ആത്മീയത എന്നെ പഠിപ്പിക്കേണമെ. ì സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും ആ ദിനം ഒരു കെണിപോലെ നിങ്ങളുടെമേൽ വന്നുവീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻî എന്ന വചനം ഞങ്ങളുടെ ഹൃദയത്തിൽ നിറയട്ടെ. എല്ലാം മറന്ന് സമ്പാദിക്കുന്നതിനെക്കാൾ, എല്ലാവരെയും ഓർത്ത് ദാനംചെയ്യാൻ എന്നെ പഠിപ്പിക്കണമെ. പരാതി കൂടാതെ പകുത്തുനൽകിയ അങ്ങയുടെ സ്നേഹത്തെ ഞങ്ങൾ വാഴ്ത്തിപ്പാടുന്നു.

*ഗായക:-* തിരുവോസ്തിയായ് എന്നിലണയും
സ്നേഹം ദൈവസ്നേഹം
അകതാരിലലിയാൻ വരുന്നു
സ്നേഹം എന്റെ ഈശോ

ഇത്ര ചെറുതാകാൻ എത്ര വളരേണം
ഇത്ര സ്നേഹിക്കാൻ എന്തുവേണം (2)

*കാർമ്മി:-* സ്നേഹത്തിന്റെ കൂദാശ മുറിച്ചുവിളമ്പുന്ന അത്താഴമേശയ്ക്കു ചുറ്റും നാം ഒരുമിച്ചു കൂടിയിരിക്കുകയാണ്. ഏതാനും നിമിഷങ്ങൾ കഴിഞ്ഞാൽ നാം പെസഹാ



www.malankaralibrary.com

ഭക്ഷിക്കും. പത്രോസും യൂദാസും എന്നിലുണ്ട്. എഴുന്നേറ്റുനിന്ന് നമുക്ക് വചനം ശ്രവിക്കാം *(സഹായി: യോഹ. 13:21-30 വായിക്കുന്നു)*

*കാർമ്മി:-* ദിവ്യകാരുണ്യം സ്വീകരിച്ച യൂദാസിൽ പിശാച് പ്രവേശിച്ചു. അവൻ പുറത്തേക്ക് പോയി. അപ്പോൾ രാത്രിയായിരുന്നു. *(നിശബ്ദം)*

*കാർമ്മി:-* എന്റെ ദിവ്യകാരുണ്യ സ്വീകരണം എങ്ങനെ? ദിവ്യകാരുണ്യ സ്വീകരണം എന്നെ ദൈവികതയിലേയ്ക്ക് ഉയർത്തുന്നുണ്ടോ? അതോ, യൂദാസിനെപ്പോലെ നാം അധപതിക്കുകയാണോ. ആത്മശോധന ചെയ്ത് പ്രാർത്ഥിക്കാം. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധം ധരിക്കാം. പകലിന് യോജിച്ചവിധം നമുക്ക് പെരുമാറാം.

*കാർമ്മി:-* നമുക്ക് പരസ്പരം കൈകൾ കോർത്തു പിടിക്കാം.

*(ഞാൻ ചൊല്ലിത്തരുന്ന പ്രാർത്ഥന കണ്ണുകളടച്ച് മനസ്സിൽ ഏറ്റുചൊല്ലുക. സ്വരമില്ലാതെ)*

*കാർമ്മി:-* എന്നെ സ്നേഹിക്കുന്ന/എന്റെ ദിവ്യകാരുണ്യ ഈശോയെ/എനിക്ക് സമ്മാനമായി തന്ന/ അങ്ങയുടെ ശരീരത്തെയോർത്ത്/ ഞാൻ നന്ദി പറയുന്നു/ എന്റെ കുടുംബത്തെ അങ്ങയുടെ ആലയമായി/ മാറ്റേണമേ/ യൂദാസിനെപ്പോലെ അങ്ങയെ ഒറ്റുകൊടുക്കാനോ/ പത്രോസിനെപ്പോലെ തള്ളിപ്പറയാനോ/ എന്നെ അനുവദിക്കരുതേ/എന്റെ പാപങ്ങളോർത്ത്/പത്രോസിനെപ്പോലെ/ ഞാൻ പശ്ചാത്തപിക്കുന്നു./ എന്റെ കുടുംബത്തിന്റെ/ പാപങ്ങളും കുറവുകളും/ വീഴ്ചകളും പരാജയങ്ങളും/ ഞാനറിയുന്നു/ അങ്ങയുടെ ദിവ്യകാരുണ്യ സ്നേഹത്താൽ/ഞങ്ങളെ വീണ്ടെടുത്ത് വിശുദ്ധീകരിക്കണമേ/ ലോകപാപങ്ങൾക്ക്/ പരിഹാരമായി തീർന്ന കർത്താവേ/ ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരം ചെയ്ത് ജീവിക്കാൻ/ എന്നെ സഹായിക്കണമെ. ആമ്മേൻ.

www.lifeday.in



www.malankaralibrary.com

*കാർമ്മി:-* നമുക്ക് കരങ്ങൾ കോർത്തുപിടിക്കാം

*(കൈകൾ കോർത്തു പിടിച്ചുകൊണ്ട്)*

*ഗായക:-* എന്നെ കൈപിടിച്ചു നടത്തുന്ന സ്നേഹം
എന്നെ കൈകളിൽ താങ്ങിടുന്ന സ്നേഹം
എന്നെ തോളിലേറ്റും താരാട്ടുപാടും
മെല്ലെ ചാഞ്ചക്കമാട്ടുന്ന സ്നേഹം

ആ സ്നേഹം... ആ സ്നേഹം...
ആ ദിവ്യസ്നേഹമാണു ദൈവം (2)

*കാർമ്മി:-* പ്രതിസന്ധികളിൽ പതറുകയും ഉൾവലിയുകയും ചെയ്ത പത്രോസ്, രക്ഷകനോടൊപ്പം വിശ്വാസത്തോടെ തുടർന്നിരുന്നെങ്കിൽ ഒരിക്കലും പത്രോസ് അവിടുത്തെ തള്ളിപ്പറയുമായിരുന്നില്ല. സഭയിലും കൂദാശകളിലും ഈശോയുടെ പീഡാനുഭവ മരണത്തിലുമുള്ള വിശ്വാസം നമുക്ക് ഏറ്റുപറയാം. കണ്ണുനീരോടെ നമുക്ക് വിശ്വാസം ഏറ്റുപറയാം. വിശ്വസിക്കാതിരുന്ന നിമിഷങ്ങളെയോർത്ത് പശ്ചാത്തപിക്കാം. വിശ്വാസത്തിൽ അവിശ്വസ്തരാവാതെ ജീവിക്കാൻ വിശ്വാസത്തിന്റെ കരുത്ത് നൽകണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

*ഗായക:-* വിശ്വാസം നൽകണമേ... നാഥാ
വിശ്വാസം നൽണമേ... (2)

എൻ ഹൃദയത്തിൽ നീ വരണേ
വിശ്വാസം നൽകണമേ...

*കാർമ്മി:-* വിശ്വാസപൂർവ്വം സഭയ്ക്കു വേണ്ടിയും സഭയെ നയിക്കാൻ ദൈവം തിരഞ്ഞെടുത്ത പരി. പിതാവിനു വേണ്ടിയും ഈ നിമിഷം നമുക്ക് പ്രാർത്ഥിക്കാം. വളരെയധികം വിശ്വാസ പ്രതിസന്ധികളിലൂടെ സഭ കടന്നുപോകുമ്പോൾ, അങ്ങേ പരിശുദ്ധാത്മാവിന്റെ ശക്തിയും നിറവും കൃപാവരങ്ങളും പിതാവിന്റെ മേൽ ചൊരിയണമെ. സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമെ. യുദ്ധങ്ങൾ ഒഴിവാക്കേണമെ. യുദ്ധപ്രിയരായി കലഹിച്ചു നിൽക്കുന്ന ജനതകളെ ചിതറിക്കണമെ. വിനയ



www.malankaralibrary.com

ത്തിലും വിശ്വാസത്തിലും ദൈവഭയത്തിലും ശാന്തവും വിശുദ്ധവുമായ ജീവിതം നയിക്കാൻ ഞങ്ങൾക്കിടയാവട്ടെ. ഞങ്ങൾക്കല്ല കർത്താവേ, ഞങ്ങൾക്കല്ല; നിന്റെ നാമത്തിന് മഹത്വമുണ്ടാകട്ടെ. വൈദികർക്കു വേണ്ടിയും സമർപ്പണജീവിതം നയിക്കുന്നവർക്കു വേണ്ടിയും നമുക്ക് ഈ നിമിഷം നിശബ്ദയിൽ പ്രാർത്ഥിക്കാം. കുടുംബ ബന്ധങ്ങൾ വിശ്വാസത്തിലും വിശുദ്ധിയിലും ആഴപ്പെടട്ടെ. *(നിശബ്ദം)*

*കാർമ്മി:-* മുട്ടിന്മേൽ നിന്ന് ഈശോയുടെ ആശീർവാദം നമുക്ക് സ്വീകരിക്കാം. *(എല്ലാവരും മുട്ടിന്മേൽ നിൽക്കുന്നു).* ഇടറിവീഴുകയും തിരിച്ചുവരികയും ചെയ്ത പത്രോസ് എന്നും തനിക്ക് ലഭിച്ച നൽവരങ്ങളുടെ പേരിൽ നന്ദിയുള്ളവനായിരുന്നു. അതിന്റെ ഏറ്റവും വലിയ തെളിവ് പത്രോസിന്റെ ലേഖനങ്ങളാണ്. അതിലെ ഏതാനും വാക്യങ്ങൾ നമുക്ക് ശ്രവിക്കാം (താഴെ വരുന്ന വചനങ്ങൾ വായിക്കുക. സഹായി: 1 പത്രോ. 1:5-6; 1 പത്രോ. 1:18-19; 1 പത്രോ. 2:1-3; 1 പത്രോ. 2: 24).

നമുക്ക് ഹൃദയപൂർവ്വം നന്ദി പറയാം. സഹനങ്ങളുടെ നടുവിൽ ഈശോയോട് ചേർന്നുനിൽക്കാം. യൂദാസുമാരാകാതെ, വീഴ്ചകളിൽ പത്രോസിനെപ്പോലെ മനംനൊന്ത് കരഞ്ഞ് തിരിച്ചുവരാം.

*(കുർബാനയുടെ ആശീർവാദം. ആശീർവാദ സമയത്ത് എല്ലാവരും സാഷ്ടാംഗം പ്രണമിച്ച് ഈശോയുടെ ആശീർവാദം സ്വീകരിക്കുന്നു)*

*(ആശീർവാദത്തിനു ശേഷം)*


*ഗായക:-* അനുതപിച്ചീടുവിനെല്ലാരും
സ്വർഗ്ഗരാജ്യം സമാഗതമായ്...
ദൈവികരാജ്യം കൈവരിക്കാൻ
സുവിശേഷത്തിൽ വിശ്വസിപ്പിൻ... (2)

**ഫാ. സൈജു തുരുത്തിയിൽ** MCBS

www.lifeday.in



www.malankaralibrary.com





# പെസഹാ ഭക്ഷണത്തിന് മുമ്പുള്ള പ്രാർത്ഥന

വർഷംതോറും പെസഹാ വ്യാഴാഴ്ച വൈകുന്നരം ഭവനങ്ങളിൽ നടത്തുന്ന അപ്പം മുറിക്കൽ അഥവാ പെസഹാ ഭക്ഷണം, കുർബാനയാകുന്ന വലിയ അപ്പം മുറിക്കലിന്റെ ഓർമ്മ പുതുക്കലാണ്. പ്രാർത്ഥനാപൂർവ്വം നമുക്ക് ഈ വിശ്വാസ ആചരണം നമ്മുടെ വീടുകളിൽ നടത്താം.

*(കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് പ്രാർത്ഥനാപൂർവ്വം നിൽക്കുന്നു. കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയ പുരുഷനാണ് പെസഹാ അപ്പം മുറിക്കുന്ന കർമ്മത്തിന്റെ കാർമ്മികൻ.)*

*കുടുംബനാഥൻ:-* പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

*എല്ലാവരും:-* ആമ്മേൻ

*കുടുംബനാഥൻ:-* സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...



www.malankaralibrary.com

*(എല്ലാവരും ഒരുമിച്ച് പ്രാർത്ഥന പൂർത്തിയാക്കുന്നു)*

*കുടുംബനാഥൻ:-* പ്രപഞ്ചത്തിന്റെ നാഥനും രാജാവുമായ ദൈവമേ, അങ്ങ് ഞങ്ങളെ വിശുദ്ധജനമായി തിരഞ്ഞെടുത്തതിനെ പ്രതി ഞങ്ങൾ അങ്ങേയക്ക് നന്ദിപറയുന്നു. അങ്ങ് കൽപ്പിച്ചതുപോലെ അങ്ങയുടെ പെസഹാ ഭക്ഷണത്തിന്റെ ഓർമ്മയാചരിക്കുവാൻ ഞങ്ങൾ ഒരുമിച്ചു കൂടിയിരിക്കുന്നു. ഈ തിരുക്കർമ്മം ഭക്തിയോടെ നിർവ്വഹിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

*അംഗങ്ങൾ:-* ആമ്മേൻ.

*പഴയനിയമ വായന: പുറ. 12:8-11*

അവർ അതിന്റെ മാംസം തീയിൽ ചുട്ട് പുളിപ്പില്ലാത്ത അപ്പവും കയ്പുള്ള ഇലകളും കൂട്ടി അന്നു രാത്രി ഭക്ഷിക്കണം. ചുട്ടല്ലാതെ പച്ചയായോ വെള്ളത്തിൽ വേവിച്ചോ ഭക്ഷിക്കരുത്. അതിനെ മുഴുവനും, തലയും കാലും ഉൾഭാഗവുമടക്കം ചുട്ട് ഭക്ഷിക്കണം. പ്രഭാതമാകുമ്പോൾ അതിൽ യാതൊന്നും അവ ശേഷിക്കരുത്. എന്തെങ്കിലും മിച്ചം വന്നാൽ തീയിൽ ദഹിപ്പിക്കണം. ഇപ്രകാരമാണ് അതു ഭക്ഷിക്കേണ്ടത്. അര മുറുക്കി ചെരുപ്പുകളണിഞ്ഞ് വടി കൈയിലേന്തി തിടുക്കത്തിൽ ഭക്ഷിക്കണം. കാരണം, അത് കർത്താവിന്റെ പെസഹായാണ്.

*സുവിശേഷ വായന: മത്തായി 26:26-30*

അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ച് മുറിച്ച് ശിഷ്യന്മാർക്കു കൊടുത്തു കൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാ സ്തോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽ നിന്ന് പാനം ചെയ്യുവിൻ. ഇത് പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും പുതിയ ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്. ഞാൻ നിങ്ങളോട് പറയുന്നു, എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടൊത്തു നവമായി ഇത് പാനം ചെയ്യുന്ന ദിവസം വരെ മു

www.lifeday.in



www.malankaralibrary.com

ന്തിരിയുടെ ഈ ഫലത്തിൽ നിന്ന് ഞാൻ വീണ്ടും കുടിക്കുകയില്ല. സ്തോത്രഗീതം ആലപിച്ചശേഷം അവർ ഒലിവുമലയിലേയ്ക്കു പോയി.

## പ്രാർത്ഥന

*കുടുംബനാഥൻ:-* കർത്താവായ ദൈവമേ, പൈതൃകവാത്സല്യത്തോടെ അങ്ങ് സർവ്വ സൃഷ്ടിജാലങ്ങളെയും പരിപോഷിപ്പിക്കുകയും അങ്ങേ മക്കളെ നിരന്തരം വിശുദ്ധ കുർബാനയാൽ പരിരക്ഷിക്കുകയും ചെയ്യുന്നുവല്ലോ. അങ്ങേ അനന്തമായ ദാനങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. പെസഹാവ്യാഴരാത്രിയിൽ ശിഷ്യന്മാർക്കൊപ്പം സെഹിയോൻ മാളികയിൽ ഒരുമിച്ചുകൂടി, അപ്പം മുറിച്ച് ഭക്ഷിക്കുന്നതിനു മുമ്പ് ശിഷ്യന്മാരുടെ പാദം കഴുകി, അവർക്ക് പുതിയ ഒരു പാതയിലൂടെ പാപമില്ലാതെ സഞ്ചരിക്കാൻ കൃപ നൽകിയ കർത്താവേ, അങ്ങേ കാരുണ്യത്താൽ ഞങ്ങൾ ഭക്ഷിക്കാൻ പോകുന്ന ഈ പെസഹാഭക്ഷണത്തെ ആശീർവദിക്കണമെ. ഈ പെസഹാ ആചരിക്കാൻ ഞങ്ങൾക്ക് ആയുസ്സും ആരോഗ്യവും നൽകിയ കർത്താവേ, അങ്ങേക്ക് നന്ദി പറയുന്നു. ഈ പെസഹാ ഭക്ഷണം ഒരുക്കിയവരെയും, പാചകം ചെയ്തവരെയും അനുഗ്രഹിക്കണമേ. വെറുപ്പില്ലാതെ, യോഗ്യതയോടെ, പരസ്പര സ്നേഹത്തോടെ ഞങ്ങൾ ഈ പെസഹാ ഭക്ഷിക്കട്ടെ. തിരുവചനത്താൽ വീര്യമാർജ്ജിച്ച് വിശ്വാസത്തിൽ കൂടുതൽ ശക്തരാകുവാനും അങ്ങേ രാജ്യത്തിനായി തീക്ഷ്ണതയോടെ പ്രവർത്തിക്കാനും ഞങ്ങളെ യോഗ്യരാക്കേണമെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും. ആമ്മേൻ.

*(കുടുംബനാഥൻ അപ്പം മുറിച്ച് പാലിൽ മുക്കി മുതിർന്നവർ മുതൽ പ്രായക്രമം അനുസരിച്ചു എല്ലാവർക്കും കൊടുക്കുന്നു)*

*കുടുംബനാഥൻ:-* ഞങ്ങളുടെ പിതാവായ ദൈവമേ, ഞങ്ങളുടെ കുടുംബത്തിൽ വസിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യേണമേ. നസറത്തിലെ തിരുക്കുടുംബം പോലെ, ഞങ്ങളുടെ കുടുംബവും അങ്ങേയ്ക്ക് പ്രീതികരമായി ജീവിക്കട്ടെ. ഈ ലോകത്തിൽ അങ്ങേയ്ക്കു ശുശ്രൂഷ ചെയ്യുന്ന ഞങ്ങളെ എല്ലാവരെയും സ്വർഗ്ഗീയ ഓർശ്ലത്തെ നിത്യ



www.malankaralibrary.com

സൗഭാഗ്യത്തിന് അർഹരാക്കേണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

*അംഗങ്ങൾ:-* ആമ്മേൻ.

*(എല്ലാവരും പരസ്പരം ഈശോയ്ക്ക് സ്തുതി ചൊല്ലുന്നു)*


ഈശോമിശാഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

**ഫാ. സൈജു തുരുത്തിയിൽ** MCBS

www.lifeday.in



www.malankaralibrary.com



ദുഃഖവെള്ളി പ്രസംഗം

# എല്ലാം പൂർത്തിയായിരിക്കുന്നു

അമേരിക്കൻ എഴുത്തുകാരിയായ റോസ് ഹാർട്ട്വിക്ക് തോർപ്പിന്റെ (1850–1939) ജനശ്രദ്ധയാകർഷിച്ച ഒരു ക വിത യായിരുന്നു 'നിരോധനമണി ഈ രാത്രിയിൽ മുഴങ്ങരുത്' (Curfew must not ring tonight). ഒരു സംഭവത്തെ ആധാരമാക്കി രചിക്കപ്പെട്ട ഈ കവിത പിന്നീട് അതേ പേരിൽത്തന്നെ സി നിമയാക്കുകയുണ്ടായി.

അതിന്റെ കഥാതന്തു ഇപ്രകാരമായിരുന്നു: ബ്രിട്ടീഷ് രാഷ്ട്രീയനേതാവും പട്ടാളമേധാവിയു മായിരുന്ന ഒലീവ് ക്രോംവെലിന്റെ നേതൃത്വത്തിൽ 'രണ്ടാം ഇംഗ്ലീഷ് സിവിൽ യുദ്ധം' നടക്കുന്ന കാലം. ബേസിൽ അണ്ടർവുഡ് എന്ന ചെറുപ്പക്കാരനായ പട്ടാളക്കാരൻ തടവുകാരനായി പിടിക്ക പ്പെടുന്നു.

അന്നുരാത്രിയിലെ അവസാന പള്ളിമണി അടിക്കുമ്പോൾ അണ്ടർവുഡിനെ തൂക്കിലേറ്റും എന്ന മരണവിധിയിൽ ക്രോം വെൽ ഒപ്പിട്ടു. കാമുകന്റെ മരണവിധി അറിഞ്ഞ ബേസി,

www.lifeday.in



www.malankaralibrary.com

കപ്യാരെ കണ്ട് ഇന്നത്തെ മണി അടിക്കരുത് എന്ന് അപേക്ഷിച്ചു. വൃദ്ധനും കേൾവിമാന്ദ്യം സംഭവിച്ചവനുമായ അയാൾ, അവളെ തന്റെ മകളായി കരുതിയിരുന്നെങ്കിലും ജോലിയോടുള്ള ആത്മാർത്ഥതയിൽ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറായില്ല.

വൃദ്ധനായ ആ മനുഷ്യൻ പതിവനുസരിച്ച് പള്ളിയിൽ പോയി മൂന്നു പ്രാവശ്യം ആ വലിയ മണി അടിച്ചു. എന്നാൽ, സമയം ഏറെയായിട്ടും പതിവുള്ള മണി ശബ്ദം കേൾക്കാത്തതിനാൽ ക്രോംവെൽ തന്റെ പട്ടാളക്കാരെ അയച്ച് കാര്യം തിരക്കി. അവർ വന്ന് പള്ളിമണി പരിശോധിച്ചപ്പോൾ കണ്ട കാഴ്ച അവരെ ഞെട്ടിച്ചുകളഞ്ഞു.

പള്ളിമണിയുടെ വലിയ നാവിൽ രക്തത്തിൽ കുളിച്ച് മരണത്തോട് മല്ലടിച്ച് ബേസി തൂങ്ങിക്കിടക്കുന്നു. രക്തം കിനിയുന്ന അവളുടെ വദനങ്ങൾ എന്തോ സ്വകാര്യമായി വിതുമ്പുന്നുണ്ടായിരുന്നു. കാത് കൂർപ്പിച്ച പട്ടാളക്കാർ അതുകേട്ടു ëCurfew must not ring tonight.í പെട്ടെന്ന് ആർക്കും ഒന്നും മനസ്സിലായില്ലെങ്കിലും പിന്നീട് എന്താണ് നടന്നതെന്ന് എല്ലാവർക്കും മനസ്സിലായി. ബേസിയുടെ സ്നേഹത്തിലും ത്യാഗത്തിലും മനസ്സുമാറിയ ക്രോംവെൽ, അണ്ടർവുഡിനെ മോചിപ്പിച്ച് അവന്റെ കാമുകിയുടെ കൂടെ യാത്രയാക്കി.

ഈശോയുടെ കുരിശുമരണത്തിൽ ഇതിലും വലിയ ഒരു സ്നേഹവും ത്യാഗവും ദൃശ്യമാണ്. പാപത്തിന്റെയും അന്ധകാരത്തിന്റെയും വഴികളിലൂടെ സഞ്ചരിച്ച് മരണത്തിന്റെ വക്കിലെത്തി നിൽക്കുന്ന മനുഷ്യരെ മരണത്തിന്റെ മണിമുഴക്കം കേൾപ്പിക്കാതിരിക്കാൻ സ്വയം കുരിശുമരണം തിരഞ്ഞെടുത്തവനാണ് ക്രിസ്തു. സ്നേഹത്തെപ്രതിയും സ്നേഹിതരെപ്രതിയും അസാധാരണമായ കാര്യങ്ങൾ പോലും ചെയ്യുന്നവനാണ് മനുഷ്യർ. ആ മനുഷ്യരെ മരണത്തിൽ നിന്നും രക്ഷിക്കാൻ പിതാവായ ദൈവം ചെയ്തിരിക്കുന്നതോ അസാധ്യമായ കാര്യങ്ങൾ.

സ്നേഹത്തിനുവേണ്ടി സ്വപുത്രനെ മരണത്തിന് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു. സ്നേഹിതർക്കുവേണ്ടി പുത്രൻ



www.malankaralibrary.com

അത് പൂർത്തിയാക്കിയിരിക്കുന്നു. രക്തം വാർന്നൊലിക്കുന്ന ശരീരവുമായി കുരിശിൽ കിടക്കുന്ന ക്രിസ്തുവും എന്തോ വിതുമ്പുന്നുണ്ടായിരുന്നു. കാതുകൂർപ്പിച്ച പട്ടാളക്കാർക്ക് അത് ശ്രവ്യമായി, "എല്ലാം പൂർത്തിയായിരിക്കുന്നു."

അപ്പോഴത്തെ വികാരതീവ്രതയിലും സാഹചര്യത്തിന്റെ പ്രത്യേകതയിലും ആർക്കും ഒന്നും മനസ്സിലായില്ല. എന്നാൽ, പിന്നീട് യോഹന്നാന്റെ സുവിശേഷത്തിന്റെ ആവർത്തിച്ചുള്ള വായനയിലും ശ്രവിക്കലിലും ഈ വാക്കുകളുടെ അന്തരാർത്ഥം ആദിമക്രൈസ്തവർക്ക് വെളിപ്പെട്ടു.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഗ്രീക്ക് ഭാഷയിലാണ് രചിക്കപ്പെടുന്നത്. ഈശോയുടെ അന്തിമവാക്കുകൾ യോഹന്നാൻ പങ്കുവയ്ക്കുന്നത് വെറും ഒറ്റവാക്കിലാണ്- 'തെതെലസ്തായി-എല്ലാം പൂർത്തിയായിരിക്കുന്നു.' അവരുടെ അനുദിനജീവിതത്തിന്റെ ഭാഗമായ ഈ പദപ്രയോഗം അവർക്ക് വളരെ സുപരിചിതമായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ല.

തന്റെ മുതലാളി തനിക്ക് എൽപ്പിച്ചുതന്ന എത്ര വലിയ ജോലിയും ചെയ്തുതീർത്ത തൊഴിലാളിയുടെ ആത്മസംതൃപ്തിയുടെ ആവിഷ്ക്കാരമാണ് 'തെതെലസ്തായി'- 'യജമാനനെ, എന്റെ കഴിവിന്റെ പരമാവധി ഞാൻ പരിശ്രമിച്ചിട്ടുണ്ട്.' ജൂതന്മാരുടെ കാഴ്ചകൾ സ്വീകരിച്ചശേഷം പ്രധാന പുരോഹിതന്മാരുടെ വിലയിരുത്തലിന്റെ വാക്കുകളായിരുന്നു 'തെതെലസ്തായി.' "നിന്റെ കാഴ്ചകൾ സ്വീകരിക്കപ്പെട്ടിരിക്കുന്നു; അത് പൂർണ്ണമാണ്." ഹീബ്രു ഭാഷയിലായിരുന്നു അവരത് പ്രകടിപ്പിച്ചിരുന്നത്.

കച്ചവടം നടത്തുന്നവർ പ്രതിഫലം വാങ്ങുമ്പോൾ കച്ചവടക്കാരൻ ആത്മസംതൃപ്തിയോടെ പറഞ്ഞിരുന്ന വാക്കുകളായിരുന്നു ഇത് 'തെതെലസ്തായി'; എ ല്ലാം പൂർത്തിയായിരിക്കുന്നു, ഞാൻ സന്തോഷവാനാണ്. അപ്പന്റെ മുമ്പിൽ കഷ്ടപ്പെട്ട് സങ്കീർത്തനം ആലപിക്കുന്നവനും സ്വന്തമായി അപ്പം ചുട്ടെടുത്ത് അമ്മയ്ക്ക് നൽകുന്നവൾക്കും അപ്പനും അമ്മയും നൽകുന്ന സ്നേഹവാക്കുകളാണ് 'തെതെലസ്തായി'



www.lifeday.in

www.malankaralibrary.com

–എല്ലാം നന്നായിരിക്കുന്നു, ഞങ്ങൾ നിന്നിൽ അഭിമാനം കൊള്ളുന്നു. ഈശോയുടെ കുരിശിലെ ബലി പൂർണ്ണമാണ്. ദൈവത്തിന് സ്വീകാര്യമാണ്. കുരിശിൽ ജീവനറ്റു കിടന്ന തന്റെ ഏകപുത്രനെ നോക്കി ദൈവം പറഞ്ഞിട്ടുണ്ടാവണം – "ഇവനെന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ സംപ്രീതനാണ്" എന്ന്.


കുരിശിൽ കിടന്നുകൊണ്ട് നമ്മുടെ നൊമ്പരങ്ങളും വേദനകളും അനുഭവിച്ച ഈശോ നമ്മോട് ഓരോരുത്തരോടുമായി കാരുണ്യത്തോടെ പറയുന്നു; "എല്ലാം പൂർത്തിയായിരിക്കുന്നു." സ്നേഹത്തോടെ നമ്മോട് ഉരുവിടുന്നു; "ഞാൻ നിന്നെ സ്നേഹിക്കുന്നു; ഞാൻ നിന്നെ അറിയുന്നു." ഈശോയുടെ കുരിശിൽ നമുക്കും അഭയം തേടാം, അർത്ഥം കണ്ടെത്താം.

**ഫാ. ജയ്മോൻ മുളപ്പൻചേരിൽ** MCBS

www.lifeday.in



www.malankaralibrary.com



www.lifeday.in

## കുരിശിന്റെ വഴി

യേശുവിന്റെ സഹനത്തെ നോമ്പുകാലത്ത് നമ്മൾ ഏറ്റവും അടുത്ത് അനുഗമിക്കുന്നത് "കുരിശിന്റെ വഴി" യിലൂടെയാണ്. യേശുവിന്റെ സഹനത്തെയും മരണത്തെയും പതിനാല് സ്ഥലങ്ങളിലൂടെ നമ്മളും കുരിശിന്റെ വഴിയിലൂടെ അനുഗമിക്കുന്നു. നമ്മുടെ നോമ്പുകാല പ്രാർത്ഥനാധ്യാനജീവിതത്തെ കൂടുതൽ സഹായിക്കാനായി കുരിശിന്റെ വഴിക്ക് പുതിയ പതിനാല് വിചിന്തനങ്ങൾ നൽകുകയാണ്. നമ്മൾ ഇപ്പോൾ പിൻചെല്ലുന്ന രീതി തന്നെയാണ് ഇതിലും ഉപയോഗിച്ചിരിക്കുന്നത്. ഓരോ സ്ഥലത്തും ഓരോ നിയോഗവും ചേർത്തിട്ടുണ്ട്. നമ്മുടെ ഇടവകയുടെ, വീടിന്റെ, സന്യാസസമൂഹത്തിന്റെ ആവശ്യങ്ങളനുസരിച്ച് നിയോഗങ്ങൾ മാറ്റാവുന്നതും പുതിയവ ചേർക്കാവുന്നതുമാണ്. ഓരോ സ്ഥലത്തിന്റെയും വിവരണത്തിന് പ്രധാനമായും ബൈബിൾ ഭാഗങ്ങൾ അതേപടി ഉപയോഗിച്ചിരിക്കുന്നു. അതിനുശേഷം വിചിന്തനം നൽകിയിരിക്കുന്നു. പരിചിതമായ കുരിശിന്റെ വഴി ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.



www.malankaralibrary.com

## പ്രാരംഭ പ്രാർത്ഥന

*നേതാവ്:-* പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ...

*സമൂ:-* ആമ്മേൻ.

*നേതാവ്:-* പിതാവായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. അങ്ങേ പ്രിയപുത്രൻ നടന്ന കുരിശിന്റെ വഴിയിലൂടെ നടക്കാനും കുരിശിന്റെ സന്ദേശം മനസിലാക്കാനും ആഗ്രഹിച്ച് ഞങ്ങളിതാ അങ്ങയുടെ മുമ്പിൽ നിൽക്കുന്നു. കുരിശിന്റെ വഴിയിലൂടെ നിത്യതയുടെ മഹത്വത്തിലേയ്ക്കുള്ള പാത അങ്ങേ പുത്രൻ ഞങ്ങൾക്ക് കാണിച്ചുതന്നല്ലോ. കുരിശെടുത്തു നടന്ന യേശുവിനെ ആത്മാർത്ഥമായി അനുഗമിക്കാനും ഞങ്ങളുടെ ജീവിതകുരിശുകളും ക്ലേശങ്ങളും അതിനോട് ചേർത്തുവയ്ക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേയ്ക്കും.

*സമൂ:-* ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## ഒന്നാം സ്ഥലം

*നേതാവ്:-* ഈശോമിശിഹാ മരണത്തിന് വിധിക്കപ്പെടുന്നു.

*നേതാവ്:-* ഈശോമിശിഹായെ, ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ:-* എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങ് ലോകത്തെ വീണ്ടുരക്ഷിച്ചു.

*നിയോഗം:-* സഭാധികാരികൾക്കും രാഷ്ട്രീയാധികാരികൾക്കും വേണ്ടി.

*നേതാവ്:-* ì അവനെ ക്രൂശിക്കുകí ബഹളം വർദ്ധിക്കുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാവുന്നില്ലെന്ന് മനസ്സിലാക്കിയ പീലോത്തോസ് വെള്ളമെടുത്ത് ജനങ്ങളുടെ മുമ്പിൽ വച്ചു കൈ കഴുകിക്കൊണ്ടു പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. അതു നിങ്ങളുടെ കാര്യമാ

www.lifeday.in



www.malankaralibrary.com

ണ്. അപ്പോൾ ജനം മുഴുവൻ മറുപടി പറഞ്ഞു. അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ. അപ്പോൾ അവൻ ബറാബ്ബാസിനെ അവർക്ക് വിട്ടുകൊടുക്കുകയും യേശുവിനെ ചമ്മട്ടികൊണ്ടടിപ്പിച്ച് ക്രൂശിക്കാൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തു (മത്തായി 27:24-26). യാതൊരു കുറ്റവും കാണാതിരുന്നിട്ടും പീലാത്തോസ് യേശുവിനെ കുറ്റം വിധിക്കുന്നു. അവനെ ക്രൂശിക്കുക എന്ന് വിളിച്ചുപറയുന്ന ജനക്കൂട്ടം. നിശബ്ദനായി എല്ലാം സഹിക്കുന്ന ഈശോ. ക്രൂരമായ അനീതിക്കാണ് ഞാൻ ഇരയാകുന്നത് എന്നറിഞ്ഞിട്ടും നീതിപീഠം അന്യായമായാണ് പെരുമാറുന്നതെന്ന് ബോധ്യപ്പെട്ടിട്ടും മാനവകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി എല്ലാ അവഗണനയും അവിടുന്ന് സഹിക്കുകയാണ്.

യേശുവേ, ആക്രോശിക്കുന്ന ജനക്കൂട്ടത്തിന്റെ ഒപ്പം നിന്ന് ഞാനും നിരപരാധികളെ കുറ്റം വിധിച്ചിട്ടുണ്ട്. പലപ്പോഴും അപരന്റെ വേദനയ്ക്കും അന്യായവിധിക്കും കാരണമായിട്ടുണ്ട്. "വിധിക്കരുത്. എന്നാൽ നീയും വിധിക്കപ്പെടില്ല" (മത്തായി 7:1) എന്ന അങ്ങേ വചനം ഞാനിപ്പോൾ ഓർമ്മിക്കുന്നു. കൂടെയുള്ളവരെ അന്യായമായി വിധിക്കുന്ന എന്റെ സ്വഭാവം ഞാൻ ഏറ്റുപറയുന്നു. മേലിൽ അപരരെപറ്റി വിധി പറയാതെ അവരെ സഹായിക്കാനും പ്രോത്സാഹിപ്പിക്കാനും ഞാൻ ശ്രമിക്കും എന്ന് വാഗ്ദാനം ചെയ്യുന്നു.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## രണ്ടാം സ്ഥലം

*നേതാവ്*:- ഈശോമിശിഹാ കുരിശ് വഹിക്കുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*: ഇടവകയ്ക്കു വേണ്ടി

*നേതാവ്*:- അപരന്റെ ഭാരം താങ്ങാൻ വന്നവൻ ഇതാ കുരിശെടുക്കുന്നു. ഭാരമുള്ള കുരിശുമരം ശത്രുക്കൾ അവി



www.malankaralibrary.com

ടുത്തെ തോളിലേറ്റുന്നു. ഗാഗുൽത്തായിലേയ്ക്കുള്ള യാത്ര യുടെ തുടക്കം. മാനവകുലത്തിന്റെ രക്ഷയ്ക്കു വേണ്ടിയുള്ള സഹനയാത്രയാണിത്. മനുഷ്യന്റെ പാപത്തിന്റെ ഭാരം കുറയ്ക്കാൻ അവൻ കുരിശിന്റെ ഭാരം ചുമക്കുന്നു.

യേശുവേ, ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികൾ ഏറ്റെടുക്കാതെ ചിലപ്പോഴൊക്കെ ഞാൻ പിന്തിരിഞ്ഞ് ഓടിയിട്ടുണ്ട്. എനിക്കുണ്ടാകുന്ന കുരിശുകളെ ഭയന്ന് മറ്റ് പരിഹാരമാർഗ്ഗങ്ങൾ തേടിയിട്ടുമുണ്ട്. ജീവിതത്തിലുണ്ടാകുന്ന സങ്കടങ്ങളും അപ്രതീക്ഷിത ദുരന്തങ്ങളും സന്തോഷത്തോടെ സ്വീകരിക്കാനും അതിൽ വിജയിക്കാനുമുള്ള കൃപ അങ്ങ് എ ിക്ക് നൽകേണമേ.

*സമൂ:-* ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## മൂന്നാം സ്ഥലം

*നേതാവ്:-* ഈശോ ഒന്നാം പ്രാവശ്യം വീഴുന്നു.

*നേതാവ്:-* ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ:-* എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം:* ദാരിദ്ര്യത്തിലും കടത്തിലും ജീവിക്കുന്നവർക്കു വേണ്ടി.

*നേതാവ്:-* കാൽവരിയിലേയ്ക്കുള്ള യാത്രയിൽ അവിടുന്ന് കുരിശിന്റെ ഭാരം വഹിക്കാനാവാതെ വീഴുന്നു. മർദ്ദിക്കുകയും നിന്ദാവാക്യങ്ങൾ ഉരുവിടുകയും ചെയ്യുന്ന പട്ടാളക്കാർ. യൂദന്മാരുടെ പരിഹാസവിളികൾ. മാനസികമായി തളർത്തുന്ന പശ്ചാത്തലം. അതിനിടയിൽ അവിടുന്ന് ശാരീരികമായി തളർന്ന് താഴെ വീഴുകയാണ്.

യേശുവേ, എന്റെ കുടുംബവും ജോലിയും ബന്ധങ്ങളും എല്ലാം താങ്ങാൻ പറ്റാത്ത ഭാരമായി ചിലപ്പോഴൊക്കെ എനിക്ക് തോന്നിയിട്ടുണ്ട്. നിസ്സാരഭാരം പോലും വഹിക്കാനാവാതെ തളർന്ന് താഴെവീണിട്ടുണ്ട്. "അങ്ങയുടെ നാമം അറിയുന്നവർ അങ്ങിൽ വിശ്വാസമർപ്പിക്കുന്നു. കർത്താവേ, അങ്ങയെ അന്വേഷിച്ചവരെ അങ്ങ് ഉപേക്ഷിച്ചിട്ടില്ല" (സങ്കീ.

www.lifeday.in



www.malankaralibrary.com

9:10). അങ്ങയിൽ വിശ്വസിച്ച് അങ്ങേ നാമം വിളിച്ച് എന്റെ വീഴ്ച കളിൽ നിന്നും കരേറുവാൻ വേണ്ട കൃപ അങ്ങ് എനിക്ക് നൽകണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

നാലാം സ്ഥലം

*നേതാവ്*:- യേശു തന്റെ അമ്മയെ കാണുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ട ധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*:- കുടുംബങ്ങൾക്കു വേണ്ടി

*നേതാവ്*:- വീഴ്ചയുടെ വേദനയ്ക്കുശേഷം ഇതാ കണ്ണീരിൽ മുങ്ങിയ ഒരു സമാഗമം. നൊന്തുപ്രസവിച്ച് വളർത്തി വലുതാക്കിയ മകനെ കൊല്ലാൻ കൊണ്ടുപോകുന്നതു കാണുന്ന അമ്മയുടെ ഹൃദയവേദന. ഊഷ്മളമായ രക്തബന്ധങ്ങളുടെ അപ്രതീക്ഷിതമായ വേർപിരിയലിനു മുമ്പത്തെ വിടപറയൽ. മകന്റെ വേദന കണ്ട് ആ അമ്മ നിശബ്ദമായി നിലവിളിച്ചിട്ടുണ്ടാവണം. സഹായിക്കാനും ആശ്വസിപ്പിക്കാനും ആരുമില്ലാതെ എല്ലാം അമ്മ സഹിക്കുകയാണ്.

യേശുവേ, അപരന്റെ കണ്ണിലെ വേദനയും സങ്കടവും മുറിവുകളും കാണാൻ പലപ്പോഴും എനിക്ക് സാധിക്കുന്നില്ല. അങ്ങയുടെ വേദന അതിന്റെ പൂർണ്ണതയിൽ പരിശുദ്ധ അമ്മ മനസിലാക്കിയതുപോലെ, എന്റെ കുടുംബാംഗങ്ങളുടെയും മാതാപിതാക്കളുടെയും മക്കളുടെയും സുഹൃത്തുക്കളുടെയും വേദനകൾ മനസിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും വേണ്ട അനുഗ്രഹം നൽകണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

അഞ്ചാം സ്ഥലം

*നേതാവ്*:- ശിമയോൻ യേശുവിനെ സഹായിക്കുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.



www.malankaralibrary.com

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*:- ജോലി ലഭിക്കാതെ വിഷമിച്ച് കഴിയുന്നവർക്കു വേണ്ടി.

*നേതാവ്*:- അവർ പോകുന്ന വഴി ശിമയോൻ എന്ന ഒരു കിറേനേക്കാരനെ കണ്ടുമുട്ടി. യേശുവിന്റെ കുരിശ് ചുമക്കാൻ അവർ അവനെ നിർബന്ധിച്ചു (മത്തായി 27:32). സഹതാപം കൊണ്ടുള്ള സഹായമായിരുന്നില്ല അത്. മറിച്ച്, കാൽവരി വരെ യേശുവിനെ എത്തിച്ച് കുരിശിൽ തറച്ചുതന്നെ കൊല്ലണമെന്നുള്ള നിർബ്ബന്ധബുദ്ധിയായിരുന്നു അതിന്റെ പിന്നിൽ. നിർബ്ബന്ധിതനായിട്ടാണെങ്കിലും ശിമയോൻ യേശുവിനെ സഹായിക്കുകയാണ്. ശിമയോന്റെ ഹൃദയവും അനുകമ്പയാൽ നിറഞ്ഞിട്ടുണ്ടാവാം. കുരിശ് വഹിക്കാൻ സഹായിച്ചതിന്റെ പുണ്യം അയാളുടെ ജീവിതത്തിലും നിറഞ്ഞിട്ടുണ്ടാവും.

യേശുവേ, ചിലപ്പോഴൊക്കെ ഞാനും മറ്റുള്ളവരെ അവരുടെ ആവശ്യങ്ങളിൽ സഹായിക്കാറുണ്ട്. പക്ഷേ അതൊന്നും പൂർണ്ണമനസോടെ ആയിരുന്നില്ല. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടില്ലെന്ന് നടിച്ചിട്ടുണ്ട്, ആവശ്യങ്ങളിൽ അവരെ ഉപേക്ഷിച്ചിട്ടുണ്ട്, ഓടിയെളിച്ചിട്ടുണ്ട്. സ്വന്തം സുഖം മാത്രമായിരുന്നു എന്റെ ലക്ഷ്യം. ഞാൻ ഒന്ന് സഹായിച്ചിരുന്നെങ്കിൽ രക്ഷപ്പെടുമായിരുന്ന അനേകരുടെ മുഖങ്ങൾ വേദനിപ്പിക്കുന്ന ഓർമ്മയായി എന്റെ മനസിൽ തെളിയുന്നു. ശിമയോനെപ്പോലെ ആവശ്യങ്ങളിൽ സഹായിക്കുന്ന ഒരുവനായി ഇനിയെങ്കിലും മാറാനുള്ള എന്റെ ആഗ്രഹത്തെ അങ്ങ് തൃക്കൺപാർക്കണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## ആറാം സ്ഥലം

*നേതാവ്*:- വേറോനിക്ക യേശുവിന്റെ മുഖം തുടയ്ക്കുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....



www.malankaralibrary.com

*നിയോഗം*:- ഭവനമില്ലാത്തവർക്കും കുടിയിറക്കപ്പെടുന്നവർക്കും വേണ്ടി.

*നേതാവ്*:- സഹനത്തിന്റെ യാത്ര തുടരുകയാണ്. രക്തവും വിയർപ്പും കൂടിക്കലർന്ന് യേശുവിന്റെ മുഖം വിരൂപമായിരിക്കുന്നു. ഒരിക്കൽ സുന്ദരമായിരുന്നു ആ മുഖം. അനേകർ ആ ദർശനം കൊതിച്ചിട്ടുണ്ട്. ദർശനത്തിലൂടെ സൗഖ്യം ലഭിച്ചവരും ഏറെ. എതിർക്കുന്നവരുടെയും വെറുക്കുന്നവരുടെയും മദ്ധ്യത്തിലൂടെ വേറോനിക്ക ധൈര്യസമേതം കടന്നുവന്ന് തൂവാലകൊണ്ട് ആ മുഖം തുടയ്ക്കുന്നു. അവളുടെ ഭക്തിക്കും ധൈര്യത്തിനും ആശ്വസിപ്പിക്കലിനും പകരമായി അവിടുത്തെ മുഖം അവളുടെ തൂവാലയിൽ പതിയുന്നു.

യേശുവേ, എതിർക്കുന്നവരുടെ നടുവിലൂടെ കടന്നുവന്ന് അങ്ങയുടെ മുഖം തുടച്ച വേറോനിക്കായുടെ ധൈര്യം എനിക്ക് മാതൃകയാണ്. എന്നാൽ, എന്റെ വചനജീവിതവും സാക്ഷ്യവും പ്രഘോഷണവും എല്ലാം അനുകൂല സാഹചര്യങ്ങളിൽ മാത്രമാണ്. "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ ഉപേക്ഷിക്കും" (മത്തായി 24:9). എല്ലാവരും ഉപേക്ഷിക്കുമ്പോഴും നിന്റെ കൂടെ നടക്കാൻ എന്നെ അനുഗ്രഹിക്കണമേ. അതുപോലെ, എല്ലാവരാലും ഉപേക്ഷിക്കപ്പെടുന്നവരുടെയും ഒറ്റപ്പെടുത്തുന്നവരുടെയും അടുത്തേയ്ക്ക് വേറോനിക്കായെപ്പോലെ കടന്നുചെല്ലാനുള്ള ധൈര്യവും എനിക്ക് നൽകണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## ഏഴാം സ്ഥലം

*നേതാവ്*:- ഈശോ രണ്ടാം പ്രാവശ്യം വീഴുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*:- എല്ലാ രോഗികൾക്കും വേണ്ടി.

*നേതാവ്*:- ഓരോ ചുവടിലും മരണം പതിയിരിക്കുകയാ



www.malankaralibrary.com

ണ്. അവിടുത്തെ മുറിവുകളിലെ വേദനയും മുറിവുകളിൽ നിന്ന് ഒഴുകുന്ന രക്തത്തിന്റെ അളവും വർദ്ധിക്കുന്നു. ചുട്ടു പൊള്ളുന്ന വെയിലും അപാരമായ വേദനയും. അവിടുന്ന താ രണ്ടാം പ്രാവശ്യം വീഴുന്നു.

യേശുവേ, എല്ലാ ശക്തിയും ചോർന്നുപോകുന്ന വേള കൾ എനിക്കുമുണ്ടാകാറുണ്ട്. തുടർച്ചയായി ഞാനും വീഴാറു ണ്ട്. ആത്മീയമായും മാനസികമായും ഞാൻ ഏകാകിയും പീഡിതനുമാണ്. എന്റെ ഹൃദയവ്യഥകൾ ശമിപ്പിക്കണമേ. മനോക്ലേശത്തിൽ നിന്ന് എന്നെ മോചിപ്പിക്കണമേ" (സങ്കീ. 25:16-17) എന്റെ ശക്തി വീണ്ടെടുക്കാനും ഉത്സാഹം പുനർ ജ്ജീവിപ്പിക്കാനും എന്നെ എല്ലാ വീഴ്ചകളിൽ നിന്നും കരേ റ്റാനും അങ്ങ് കടന്നുവരേണമേ.

*സമൂ:-* ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## എട്ടാം സ്ഥലം

*നേതാവ്:-* യേശു ജറുസലേം സ്ത്രീകളെ ആശ്വസിപ്പി ക്കുന്നു.

*നേതാവ്:-* ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പി ട്ടാരാധിക്കുന്നു.

*സമൂ:-* എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം:-* അവഗണിക്കപ്പെടുകയും പീഡിപ്പിക്കപ്പെടു കയും ചെയ്യുന്ന സ്ത്രീകൾക്ക് വേണ്ടി.

*നേതാവ്:-* ഒരു വലിയ ജനക്കൂട്ടവും, കരയുകയും മുറ വിളി കൂട്ടുകയും ചെയ്തിരുന്ന സ്ത്രീകളുടെ സമൂഹവും യേ ശുവിന്റെ പിന്നാലെ പോയിരുന്നു. അവരുടെ നേരെ തിരി ഞ്ഞ് യേശുപറഞ്ഞു. ജറുസലേം പുത്രിമാരെ, എന്നെപ്രതി നിങ്ങൾ കരയേണ്ട. നിങ്ങളെയും നിങ്ങളുടെ മക്കളെയും പ്ര തി കരയുവിൻ. എന്തെന്നാൽ വന്ധ്യകൾക്കും പ്രസവിക്കാ ത്ത ഉദരങ്ങൾക്കും പാലൂട്ടാത്ത മുലകൾക്കും ഭാഗ്യം എന്നു പറയപ്പെടുന്ന ദിവസങ്ങൾ വരും. അന്ന് അവർ പർവ്വതങ്ങ ളോട്, ഞങ്ങളുടെ മേൽ വീഴുക എന്നും കുന്നുകളോട് ഞങ്ങളെ മൂടിക്കളയുക എന്നും പറയുവാൻ തുടങ്ങും (ലൂക്കാ 23:27-30).

www.lifeday.in



www.malankaralibrary.com

ജറുസലേമിന്റെ പതനവും അവരെ കാത്തിരിക്കുന്ന ദുരിതവും അവിടുത്തെ മനസിലേയ്ക്ക് ഓടിയെത്തിയിട്ടുണ്ടാവണം. സ്വന്തം വേദനയെക്കാൾ അവർക്കുണ്ടാകാൻ പോകുന്ന കഷ്ടതകളോർത്ത് അവിടുന്ന് ജറുസലേം സ്ത്രീകളെ ആശ്വസിപ്പിക്കുന്നു.

യേശുവേ, സ്വന്തം വേദന മറന്ന് മറ്റുള്ളവർക്കുണ്ടാകാൻ പോകുന്ന വേദനയോർത്ത് അങ്ങ് അവരെ ആശ്വസിപ്പിക്കുന്നല്ലോ. സ്വന്തം തിരക്കുകളും വേദനയും കാരണം മറ്റുള്ളവരെക്കുറിച്ച് ചിന്തിക്കാൻപോലും ഞങ്ങൾക്ക് സമയമില്ല. അനുഭാവപൂർവ്വം മറ്റുള്ളവരുടെ ദുരിതങ്ങൾ കാണാനും അവരുടെ വേദനകളിൽ ആശ്വസിപ്പിക്കാനും ഞങ്ങളെയും അനുഗ്രഹിക്കണമേ. "ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കാനും മനസിലാക്കപ്പെടുന്നതിനെക്കാൾ മനസിലാക്കാനും" ഞങ്ങൾക്ക് കൃപ നൽകണമേ.

*സമൂ*: ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

ഒമ്പതാം സ്ഥലം

*നേതാവ്*:- ഈശോ മൂന്നാം പ്രാവശ്യം വീഴുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*: ജീവിതാന്തസ് തിരഞ്ഞെടുക്കാൻ ബുദ്ധിമുട്ടുന്നവർക്കും, വിവാഹം മുടങ്ങി നിൽക്കുന്നവർക്കും.

*നേതാവ്*:- സങ്കടയാത്ര കാൽവരിയുടെ സമീപത്ത് എത്തുന്നു. ശരീരത്തിന്റെ ശക്തിയൊക്കെ ഇല്ലാതാകുന്നു. ഊർജ്ജമെല്ലാം ചോർന്നുപോയിരിക്കുന്നു. ഒരടി പോലും മുമ്പോട്ട് വയ്ക്കാനാവാതെ അവിടുന്ന് മൂന്നാം പ്രാവശ്യം വീഴുന്നു.

യേശുവേ, തുടർച്ചയായ പരാജയങ്ങളും വീഴ്ചകളും എന്നെ നിരാശയിലാഴ്ത്താറുണ്ട്. രോഗങ്ങളിൽ നിന്ന് ഒരിക്കലും സൗഖ്യം ലഭിക്കില്ലെന്നും കടങ്ങൾ ഇളച്ചുകിട്ടുകയില്ലെന്നും ജീവിതത്തിലെ ഇരുണ്ട രാത്രികൾക്ക് ഒരിക്കലും അവ

www.lifeday.in



www.malankaralibrary.com

സാനമുണ്ടാകില്ലെന്നും ഞാൻ വിചാരിച്ചുപോയിട്ടുണ്ട്. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് ആത്മഹത്യയെക്കുറിച്ചുവരെ ഞാൻ ചിന്തിച്ചിട്ടുണ്ട്. ദൈവമാണ് എന്റെ രക്ഷ. ഞാൻ അങ്ങയിൽ ആശ്രയിക്കും. ഞാൻ ഭയപ്പെടുകയില്ല (ഏശ.12:2). അങ്ങയെപ്പോലെ എല്ലാ വീഴ്ചകളിൽ നിന്നും പ്രതീക്ഷയോടെ എഴുന്നേറ്റ് മുമ്പോട്ട് പോകുവാൻ വേണ്ട കൃപ എനിക്ക് നൽകേണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## പത്താം സ്ഥലം:

*നേതാവ്*:- യേശുവിന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുക്കുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*: എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*: എല്ലാ മക്കൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി.

*നേതാവ്*:- തലയോടിടം എന്നർത്ഥമുള്ള ഗാഗുൽത്താ മലയിൽ അവർ അവനെ കൊണ്ടുവന്നു (മർക്കോ. 15:22). അവന്റെ വസ്ത്രങ്ങൾ ഭാഗിച്ച് ഓരോരുത്തനും എടുക്കേണ്ട വീതത്തിന് കുറിയിട്ടു (മർക്കോ. 15:24) രക്തത്താൽ മുറിവുകളോട് ഒട്ടിച്ചേർന്നിരുന്ന വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തപ്പോൾ എത്ര ഭയാനകമായ വേദനയായിരിക്കണം അവിടുന്ന് അനുഭവിച്ചത്. വസ്ത്രത്തോടൊപ്പം ശരീരഭാഗങ്ങളും അടർന്നു വീണിട്ടുണ്ടാവണം. നഗ്നനായി ഭൂമിയിലേയ്ക്ക് പിറന്നു വീണവൻ ഇതാ വീണ്ടും മനുഷ്യരാൽ നഗ്നനാക്കപ്പെടുന്നു.

യേശുവേ, അങ്ങയെപ്പോലെ ഞാനും നഗ്നനാക്കപ്പെട്ടിട്ടുണ്ട്. പൊതുജനമധ്യേ പരസ്യമായി എന്നെ എതിർക്കുന്നവർ എന്റെ മാന്യതയുടെയും സൽപ്പേരിന്റെയും വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റിയിട്ടുണ്ട്. എന്റെ കുടുംബത്തിലും സമൂഹത്തിലും ഞാനും പരിഹാസ്യനായിട്ടുണ്ട്. പക്ഷേ ഞാൻ അങ്ങയെപ്പോലെ അവയെല്ലാം നിശബ്ദനായി സഹിച്ചില്ല. പ്രതികാരചിന്തയായിരുന്നു എന്റെ മനസ്സുനിറയെ. എന്നെ എതിർക്കുന്നവരെ ഞാനും എതിർത്താൽ വിജാതീയരിൽ നിന്നും



www.malankaralibrary.com

ഞാൻ വ്യത്യസ്തനല്ലെന്നും അങ്ങയുടെ യഥാർത്ഥ ശിഷ്യനല്ലെന്നും മനസിലാക്കുന്നു. "ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരുവാൻ" (മത്തായി 5:44) ഞങ്ങളെ അനുഗ്രഹിക്കണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## പതിനൊന്നാം സ്ഥലം

*നേതാവ്*:- യേശുവിനെ കുരിശിൽ തറയ്ക്കുന്നു.

*നേതാവ്*:- ഈശോമിശിഹായെ ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*: മദ്യം, മയക്കുമരുന്ന് എന്നിവ വഴി സ്വയം മരിക്കുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുന്നവർക്കു വേണ്ടി.

*നേതാവ്*:- മീറ കലർത്തിയ വീഞ്ഞ് അവർ അവന് കൊടുത്തു. അവൻ അത് കുടിച്ചില്ല. പിന്നീട് അവർ അവനെ കുരിശിൽ തറച്ചു (മർക്കോ. 15:23-24). ക്രൂരതയുടെ അപാരമായ അരങ്ങേറ്റം. തങ്ങൾ വലിച്ചിഴച്ചു കൊണ്ടുവന്നവനെ അവർ കുരിശിലേയ്ക്ക് വലിച്ചെറിയുന്നു. കൈകാലുകൾ മരക്കുരിശിലേയ്ക്ക് വലിച്ചുനീട്ടുന്നു. കാരിരുമ്പാണികൾ പച്ചമാംസത്തിലേയ്ക്ക് അടിച്ചുകയറ്റുന്നു. ആ ബലഹീന ശരീരത്തെ അവർ മൂന്നാണികളാൽ കുരിശിൽ തറയ്ക്കുന്നു. അവർ അവനെ കുരിശിൽ തറച്ചപ്പോൾ മൂന്നാം മണിക്കൂറായിരുന്നു. യഹൂദന്മാരുടെ രാജാവ് എന്ന് അവന്റെ പേരിൽ ഒരു കുറ്റപത്രവും എഴുതിവച്ചിരുന്നു. അവനോടുകൂടെ രണ്ട് കവർച്ചക്കാരെയും അവർ കുരിശിൽ തറച്ചു. ഒരുവനെ അവന്റെ വലതുവശത്തും അപരനെ ഇടത്തുവശത്തും (മർക്കോ. 15:25-28). യേശു പറഞ്ഞു: ì പിതാവേ, അവരോട് ക്ഷമിക്കണമേ. അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ലî (ലൂക്കാ 23:34).

യേശുവേ, നന്മചെയ്യാൻ ചുറ്റിനടന്ന നിന്റെ പാദങ്ങളിലും അത്ഭുതങ്ങൾ പ്രവർത്തിച്ച കരങ്ങളിലും അവർ ആണികൾ



www.malankaralibrary.com

തറച്ചല്ലോ. നീ നൽകിയ സ്വാതന്ത്ര്യത്തിനു പകരം അവർ നിന്നെ ബന്ധനസ്ഥനാക്കി കുരിശിൽ തറച്ചു. എല്ലാ വേദനകളും ഉപേക്ഷിക്കലുകളും എന്റെ രക്ഷയ്ക്കായ് നീ സഹിക്കുന്നുവല്ലോ. എന്റെ ചെയ്തികളെയും നല്ല ഉദ്ദേശ്യങ്ങളേയും മറ്റുള്ളവരും തെറ്റിദ്ധരിക്കാറുണ്ട്. എന്നെയും കുരിശിൽ തറയ്ക്കാറുണ്ട്. കൈകാലുകൾ തറയ്ക്കപ്പെടുമ്പോഴും ശരീരം തളയ്ക്കപ്പെടുമ്പോഴും ഹൃദയത്തിൽ സ്നേഹം മാത്രം നിറച്ചുവച്ച് എല്ലാം സഹിച്ച് നിന്നെപ്പോലെ ആയിത്തീരുവാൻ എന്നേയും അനുഗ്രഹിക്കണമേ.

*സമൂ*:- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## പന്ത്രണ്ടാം സ്ഥലം

*നേതാവ്*:- യേശു കുരിശിൽ മരിക്കുന്നു

*നേതാവ്*:- ഈശോമിശിഹായെ, ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ*:- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം*:- എല്ലാ രോഗികൾക്കും മരണാസന്നർക്കും വേണ്ടി.

*നേതാവ്*:- ¡ അപ്പോൾ ഏകദേശം ആറാം മണിക്കൂർ ആയിരുന്നു. ഒൻപതാം മണിക്കൂർവരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു. സൂര്യൻ ഇരുണ്ടു. ദേവാലയത്തിലെ തിരശീല നടുവേ കീറി. യേശു ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു. പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. ഇതു പറഞ്ഞ് അവൻ ജീവൻ വെടിഞ്ഞു¡ (ലൂക്കാ 23,44-16). എല്ലാ വേദനകളും അതിന്റെ പൂർണ്ണതയിൽ സഹിച്ച് പിതാവിന്റെ കരങ്ങളിൽ ആത്മാവിനെ സമർപ്പിച്ച് അവൻ കുരിശിൽ പിടഞ്ഞ് മരിക്കുന്നു.

യേശുവേ, അങ്ങയുടെ കുരിശുമരണം എനിക്ക് വെളിപാടുകളുടെ തീരാപ്രവാഹമാണ്. അടുത്ത കുരിശിൽ കിടക്കുന്നവൻ ദൈവപുത്രനാണെന്ന് നല്ല കള്ളൻ മനസിലാക്കുന്നു. സത്യം അംഗീകരിച്ച് ഏറ്റുപറഞ്ഞ അയാൾ അവസാന നിമിഷം പറുദീസ സ്വന്തമാക്കുന്നു. എന്റെ അടുത്തു നിൽക്കുന്ന



www.malankaralibrary.com

വനും ദൈവപുത്രനാണെന്ന സത്യം ഞാൻ ഇനി എന്നാണ് അംഗീകരിക്കുക? ì ഇവർ ചെയ്യുന്നത് എന്തെന്ന് ഇവർ അറിയുന്നില്ല. ഇവരോട് ക്ഷമിക്കേണമേ̀ എന്ന് അങ്ങ് ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. എന്നെ കുരിശിൽ തറയ്ക്കുന്നവരും തങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അറിയാത്തവരാണല്ലോ. അവരുടെ അറിവില്ലായ്മ പൊറുക്കാൻ ഞാൻ ഇനി എന്നാണ് പ്രാർത്ഥിക്കുക? എല്ലാത്തിന്റെയും ഒടുവിൽ ì അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നുì എന്നുപറഞ്ഞ് അങ്ങ് മരിക്കുന്നല്ലോ. എന്റെ എല്ലാ സഹനങ്ങളും ഞാനിനി എന്നാണ് അങ്ങയെ ഭരമേൽപ്പിക്കുന്നത്? യേശുവേ, ഞാനും ഒരു ദിവസം മരിക്കും. അതിനു മുമ്പ് അടുത്തുനിൽക്കുന്നവനിൽ അങ്ങയെ കാണാനും ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിക്കാനും എല്ലാം അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കാനും എന്നെ അനുഗ്രഹിക്കണമേ.

*സമൂ:*- ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## പതിമൂന്നാം സ്ഥലം

*നേതാവ്:*- യേശുവിന്റെ ശരീരം കുരിശിൽ നിന്ന് ഇറക്കുന്നു.

*നേതാവ്:*- ഈശോമിശിഹായെ, ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ:*- എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം:*- എല്ലാ മാതാപിതാക്കൾക്കും വാർദ്ധക്യത്തിൽ ഒറ്റപ്പെടുന്നവർക്കും വേണ്ടി.

*നേതാവ്:*- യേശുവിന്റെ ശരീരം കുരിശിൽ നിന്നിറങ്ങി മാതാവിന്റെ മടിയിൽ കിടത്തുന്നു. താരാട്ടുപാടുകയും തലോടുകയും ചെയ്ത കരങ്ങൾ ഇപ്പോൾ മകന്റെ മൃതശരീരത്തെ മുറുകെപ്പിടിക്കുന്നു. ജീവൻ പിരിഞ്ഞ ശരീരമാണെങ്കിലും അമ്മയ്ക്കത് പ്രിയപ്പെട്ട മകൻ തന്നെയാണ്. മകൻ ശാരീരികമായി അനുഭവിച്ച വേദനകൾ മുഴുവൻ അമ്മയിപ്പോൾ മാനസികമായി അനുഭവിക്കുന്നു.

പരിശുദ്ധ മാതാവേ, അങ്ങയോടു ചേർന്ന് ഞാനും നിൽ

www.lifeday.in



www.malankaralibrary.com

ക്കുന്നു. എന്റെ ജീവിതത്തിൽ ഞാൻ കടന്നുപോന്നിട്ടുള്ള എല്ലാ സഹനങ്ങളെയുംകാൾ വലുതാണ് അങ്ങയുടെ സഹനം എന്ന് ഞാൻ മനസിലാക്കുന്നു. എന്റെ സഹനങ്ങളുടെ അർത്ഥവും കാരണവും കണ്ടുപിടിക്കാനാവാതെ കുഴങ്ങുമ്പോൾ കുരിശിൻചുവട്ടിലെ അങ്ങയുടെ മുഖം എനിക്ക് ആശ്വാ സമാവട്ടെ. അത് എന്റെ എല്ലാ സഹനങ്ങളിലും ബലവും കോട്ടയും ആയി മാറട്ടെ. എന്റെ പ്രിയപ്പെട്ടവരുടെ അപ്രതീക്ഷിത മരണത്തിലും അപകടങ്ങളിലും രോഗങ്ങളിലും അങ്ങേ ജീവിതം എനിക്ക് മാതൃകയാകട്ടെ.

*സമൂ:-* ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

## പതിനാലാം സ്ഥലം

*നേതാവ്:-* യേശുവിന്റെ ശരീരം സംസ്ക്കരിക്കുന്നു.

*നേതാവ്:-* ഈശോമിശിഹായെ, ഞങ്ങളങ്ങയെ കുമ്പിട്ടാരാധിക്കുന്നു.

*സമൂ:-* എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ....

*നിയോഗം:-* നിരാശയിൽ കഴിയുന്നവർക്കു വേണ്ടി.

*നേതാവ്:-* നിക്കദേമോസ് പീലാത്തോസിന്റെ അടുത്തെത്തി യേശുവിന്റെ ശരീരം ചോദിച്ചു. അവൻ അത് താഴെയിറക്കി ഒരു തുണിയിൽ പൊതിഞ്ഞ്, പാറയിൽ വെട്ടിയുണ്ടാക്കിയതും ആരെയും അന്നുവരെ സംസ്ക്കരിച്ചിട്ടില്ലാത്തതുമായ ഒരു കല്ലറയിൽ വച്ചു (ലൂക്കാ 23:52-53).

യേശുവേ, അങ്ങിപ്പോൾ നിശബ്ദനാണ്. പ്രതീക്ഷയോടെ മൂന്നാംനാൾ കാത്തിരിക്കുന്നവനാണ്. മരണവും ശവകുടീരവും ഒന്നിന്റെയും അവസാനമല്ല എന്ന് ഞാനിപ്പോൾ മനസിലാക്കുന്നു. മരണമെന്നത് വെളിച്ചത്തിന്റെ അണയലല്ല, മറിച്ച് പ്രഭാതം വന്നെത്തിയതുകൊണ്ട് തിരി കെടുത്തുന്ന അനുഭവമാണന്ന് ഞാൻ അറിയുന്നു. എന്റെ ജീവിതത്തിലും പ്രതീക്ഷയുടെ മൂന്നാം ദിവസത്തെ ഉത്സാഹത്തോടെ കാത്തിരിക്കുന്നവനായി എന്നേയും മാറ്റേണമേ.

*സമൂ:-* ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.



www.malankaralibrary.com

## സമാപന പ്രാർത്ഥന


*നേതാവ്:*– പിതാവായ ദൈവമേ, അങ്ങയുടെ ഏകപുത്രനെ ഞങ്ങളുടെ രക്ഷയ്ക്കായി ഭൂമിയിലേയ്ക്ക് അയച്ചതിന് നന്ദിപറയുന്നു. കുരിശിന്റെ വഴിയിലൂടെ അങ്ങയുടെ പ്രിയ പുത്രനെ അനുഗമിക്കാൻ ഞങ്ങളെ അനുവദിച്ചതിന് ഞങ്ങ ളങ്ങയെ സ്തുതിക്കുന്നു. കുരിശിന്റെ വഴിയുടെ അവസാനം കുരിശും കല്ലറയുമല്ല പ്രതീക്ഷയുടെ ഉത്ഥാനമാണെന്ന് അങ്ങ് ഞങ്ങളെ പഠിപ്പിക്കുന്നല്ലോ. ഞങ്ങളും അനുദിനം കുരിശിന്റെ വഴിയിലൂടെത്തന്നെയാണ് യാത്ര ചെയ്യുന്നത്. കണ്ണീരും ദുരിതവും നിറഞ്ഞ ഈ യാത്രയിൽ അങ്ങയുടെ അനുഗ്രഹവും പുത്രന്റെ മാർഗ്ഗദർശനവും പരിശുദ്ധാത്മാവിന്റെ സംരക്ഷണവും ഞങ്ങൾക്ക് ഉണ്ടാകുമാറാകട്ടെ. അങ്ങയെപ്പോലെ ഞങ്ങളും പ്രത്യാശയുടെയും സന്തോഷത്തിന്റെയും ഉയിർപ്പിൽ എത്തിച്ചേരട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേയ്ക്കും.

*സമൂ:*– ആമേൻ. 1 സ്വർഗ്ഗ., 1 നന്മ., 1 ത്രിത്വ.

**ഫാ. ജി. കടൂപ്പാറയിൽ** MCBS



www.malankaralibrary.com



ദുഃഖശനി പ്രസംഗം

# വെളിച്ചത്തിലേയ്ക്ക്

പുതിയ വെളിച്ചവും പുതിയ ജലവും നമുക്കായി ഒരുക്കുന്ന ദിനമാണിന്ന്. പഴയതിൽ നിന്ന് പരിപൂർണ്ണമായി മാറാനുള്ള ഒരു ദിവസം. പുതിയ ആകാശത്തിലേക്കും പുതിയ ഭൂമിയിലേക്കും ഈശോ പ്രവേശിക്കുന്നു എന്നത് നമുക്ക് ഏറ്റവും ആനന്ദം പ്രദാനം ചെയ്യുന്ന കാര്യമാണ്. പ്രതീക്ഷയോടെ കാത്തിരിക്കാനുള്ള ഒരു ദിനം. ദുഃഖശനി എന്നത് പ്രതീക്ഷയോടെ കാത്തിരിക്കാനുള്ള കരുത്ത് മനുഷ്യർക്ക് പ്രദാനം ചെയ്യുന്ന ദിനമാണ്. ഏത് സഹനത്തിനും സങ്കടത്തിനും രോഗത്തിനും പ്രശ്നത്തിനും ദുരിതത്തിനും ദൈവത്തിന്റെ മുമ്പിൽ ഒരു പ്രതിവിധി ഉണ്ടെന്നും അവിടുന്ന് നമ്മുടെ ജീവിതത്തിൽ എല്ലാം നന്മയ്ക്കായി ക്രമീകരിക്കുമെന്നും ഉറച്ച് വിശ്വസിക്കേണ്ട ദിനമാണിന്ന്.

യേശുവിന്റെ കുരിശുമരണത്തോടെ ശിഷ്യന്മാർ നിരാശയിലാണ്ടുപോയി എന്ന് നമുക്കറിയാം. തങ്ങളുടെ പഴയ ജോലിയിലേയ്ക്ക് പിന്മാറാൻ പോലും പലരും തീരുമാനിച്ചതായും



www.malankaralibrary.com

നമ്മൾ സുവിശേഷങ്ങളിൽ വായിക്കുന്നുണ്ട്. പക്ഷെ, യേശു മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു എന്ന അറിവിൽ, അവർ എല്ലാ നിരാശയിൽ നിന്നും കരേറുകയാണ്. പ്രതീക്ഷയുടെ പുതുവസന്തത്തിലേയ്ക്ക് അവർ പ്രവേശിക്കുന്നു. പിന്നീടുള്ള ശിഷ്യരുടെ വാക്കുകളിലും പ്രവർത്തനങ്ങളിലും അത് വ്യക്തമാണുതാനും. അവരുടെ പ്രസംഗങ്ങളും മാനസാന്തരപ്പെടുത്തലുകളും സുവിശേഷം പ്രചരിപ്പിക്കുന്നതിനായുള്ള യാത്രകളും അതിന്റെ ഉത്തമമായ തെളിവുകളാണ്. ഉത്ഥിതനെ കണ്ടവന് പിന്നീട് നിരാശയുണ്ടാകുന്നില്ല. അവൻ പ്രതീക്ഷയിലാണ് – പ്രത്യാശയിലാണ് എപ്പോഴും.

നമ്മുടെ ജീവിതത്തിന്റെയും ഏറ്റവും വലിയ പ്രതീക്ഷയായിരിക്കേണ്ടത് ഉത്ഥിതനായ യേശുവാണ്. സത്യത്തിൽ സങ്കടങ്ങളാലും കഷ്ടപ്പാടുകളാലും ആശയറ്റ സാഹചര്യങ്ങളാലും ചിതറിക്കപ്പെട്ടവരാണ് നമ്മൾ പലപ്പോഴും. ഭൂമിയിൽ നാം കാണുന്ന പ്രതീക്ഷയുടെ പ്രതീകങ്ങളൊക്കെ ക്ഷണികങ്ങളാണെന്ന് അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. വിരിഞ്ഞുനിൽക്കുന്ന പുഷ്പം വാടുന്നതും പിന്നെ കൊഴിയുന്നതും നാം കാണുന്നു. ചിരിച്ചു നിൽക്കുന്ന കുട്ടിയുടെ മുഖം മങ്ങുന്നതും പിന്നെ അവൻ കരയുന്നതും നാം കാണുന്നു. അവയൊന്നും നിത്യമായ പ്രത്യാശ നൽകുന്നില്ല എന്ന് അപ്പോൾ മാത്രമാണ് നമ്മൾ മനസ്സിലാക്കുന്നത്. ഉത്ഥിതൻ മാത്രമാണ് ശാശ്വതമായ പ്രതീക്ഷ നൽകി മനുഷ്യകുലത്തെ മുമ്പോട്ടു കൊണ്ടുപോകുന്നത്.

നമുക്കൊക്കെ എത്രയോ സങ്കടങ്ങളുണ്ട്. ഒരിക്കലും വീട്ടാൻ പറ്റില്ല എന്നു വിചാരിക്കുന്ന കടങ്ങളുടെ കടലായിരിക്കും ചിലർ. എന്നും അസാധാരണമാണല്ലോ എന്റെ വീട്ടിൽ എന്ന് ചിന്തിക്കുന്നവരുമുണ്ട്. എന്റെ മക്കൾ വിദ്യാഭ്യാസത്തിൽ പിന്നോക്കമാണല്ലോ എന്ന് പരിതപിക്കുന്ന മാതാപിതാക്കളേറെയുണ്ട്. എന്റെ അപ്പൻ എന്നും മദ്യപിക്കുമെന്ന് വിലപിക്കുന്ന മക്കളും ഹൃദയം തകർന്നു ജീവിക്കുന്ന ഭാര്യമാരുമുണ്ട്. എന്നും രോഗവും കഷ്ടപ്പാടും തന്നെയാണല്ലോ എന്നുപറഞ്ഞ് കണ്ണീരൊഴുക്കുന്നവരുണ്ട്. ഇങ്ങനെയുള്ളവർ നമുക്കിടയിലുണ്ട്. ഇങ്ങനെയുള്ളവർ നമ്മൾ തന്നെയാ



www.malankaralibrary.com

ണ്. അതിനാൽ നമുക്കാണ് ഉത്ഥിതനെക്കൊണ്ട് ഏറെയാവശ്യം. കാരണം, അവൻ പ്രത്യാശ നൽകുന്ന ഏറ്റവും വലിയ അടയാളവും വ്യക്തിയുമാണ്. ഏത് പ്രശ്നങ്ങൾക്കും ഒരു പരിഹാരമുണ്ടാകുമ്പോൾ ഉണ്ടാകുന്ന ഒരു സന്തോഷമുണ്ടല്ലോ. അതാണ് ഉത്ഥിതനായ ഈശോയെ ഓർക്കുമ്പോൾ നമുക്കുമുണ്ടാവേണ്ടത്. അതിനാൽ ഉത്ഥിതനെ പ്രതീക്ഷയോടെ കാത്തിരിക്കുക.

ഒരു ചൈനീസ് പഴമൊഴിയിൽ പറയുന്നു: ì പോകാൻ ഒരിടം, കാത്തിരിക്കാൻ ഒരാൾ, ഇത്രയമുണ്ടെങ്കിൽ ജീവിതം സഫലമായിî എന്ന്. സത്യത്തിൽ, ഈ ദിനം പ്രതീക്ഷയാ ണ് നമുക്ക് നൽകുന്നത് - പോകാൻ ഒരിടം, കാത്തിരിക്കാൻ ഒരാൾ, നമുക്കിത് രണ്ടും ഒന്നാണ്. ഒരാളാണ് – ക്രിസ്തു. നമുക്ക് പോകാൻ അവന്റെ സന്നിധി, അവിടെ അവൻ നമുക്കായി കാത്തിരിക്കുന്നുണ്ട്.

**ഫാ. ജി. കടൂപ്പാറയിൽ MCBS**



www.lifeday.in

www.malankaralibrary.com



ഈസ്റ്റർ പ്രസംഗം

## എപ്പോഴും കൂടെയുള്ള ക്രിസ്തു

"എന്നെക്കൂടാതെ നാളത്തെ പ്രഭാതം ആരംഭിക്കുകയാണെങ്കിൽ, ഞാനിവിടെ ജീവനോടെ ഇല്ലെങ്കിൽ, എന്നെയോർത്തു കരയുന്ന നിന്റെ കണ്ണീർ കണ്ടാണ് നാളെ സൂര്യൻ ഉദിക്കുന്നതെങ്കിൽ, നമ്മൾ ഒരുമിച്ചായിരുന്നപ്പോൾ പറയാൻ മറന്ന കാര്യങ്ങൾ ഓർത്ത് നീ കരയരുതെന്നാണ് എന്റെ ആഗ്രഹം. നീ എന്നെ എന്തുമാത്രം സ്നേഹിക്കുന്നുവെന്ന് എനിക്കറിയാം, ഞാൻ നിന്നെ എത്രയേറെ സ്നേഹിച്ചിരുന്നുവെന്ന് നിനക്കും അറിയാം. ഓരോ പ്രാവശ്യവും നീ എന്നെ ഓർമ്മിക്കുമ്പോൾ എന്റെ അഭാവം നിന്നെ എന്തുമാത്രം അലട്ടുമെന്നും എനിക്കറിയാം. നാളത്തെ പുലരി എന്നെക്കൂടാതെ വിരിയുകയാണെങ്കിൽ, ഒരു മാലാഖ വന്ന്, എന്റെ കൈ പിടിച്ച് സ്വർഗ്ഗത്തിൽ എനിക്കായുള്ള സ്ഥലം തയ്യാറായി എന്നുപറഞ്ഞ് എന്നെ പേരുചൊല്ലി വിളിച്ചുവെന്നും അപ്പോൾ ഭൂമിയിലെ എല്ലാം ഉപേക്ഷിച്ച് ഞാൻ പോയതാണെന്നും നീ ഓർമ്മിക്കണം."



www.malankaralibrary.com

ഡേവിഡ് റോമാനോയുടെ 'എന്നെ കൂടാതെ നാളെ പുല രുകയാണെങ്കിൽ' (If Tommorow starts without me) എന്ന മനോ ഹരമായ കവിതയുടെ തുടക്കമാണിത്. ഇങ്ങനെ തുടങ്ങുന്ന കവിത അവസാനിക്കുന്നത് ഇപ്രകാരമാണ്. "എന്നെക്കൂടാ തെ നാളത്തെ ദിനം പുലരുകയാണെങ്കിൽ, നമ്മൾ അകല ത്തിലാണ് എന്ന് നീ ഒരിക്കലും വിചാരിക്കരുത്. നീ എന്നെ പ്പറ്റി ചിന്തിക്കുന്ന ഓരോ നിമിഷവും ഞാൻ നിന്നോടൊപ്പ മുണ്ട്; നിന്റെ ഹൃദയത്തിലുണ്ട്."

യാത്രചൊല്ലി പോകുന്ന ഏതൊരാൾക്കും പറയാവുന്ന ഏറ്റവും സുന്ദരമായ ആശംസയാണിത്. "ഞാൻ എപ്പോഴും നിന്റെ കൂടെ ഉണ്ടായിരിക്കും." ക്രിസ്തു ഉയിർത്തതിനുശേ ഷം, സ്വർഗ്ഗാരോഹണത്തിന് മുമ്പ് പറയുന്ന വാക്കുകളും സ മാനമാണ്. ഉയിർപ്പ് നൽകുന്ന ഏറ്റവും ആശ്വാസം, ക്രിസ്തു അവസാനമായി യാത്രാമൊഴി പോലെ നൽകുന്ന ആ ഒരുറ പ്പാണ്. മത്തായിയുടെ സുവിശേഷം അവസാനത്തെ അധ്യാ യം അവസാന വാക്യത്തിലാണ് നാം അത് കാണുന്നത്; അതി നാൽ തന്നെ വളരെയധികം പ്രധാനപ്പെട്ടതും. ഉയിർത്ത് സ്വ ർഗ്ഗത്തിലേയ്ക്ക് പോകുന്നവൻ ഭൂമിയിൽ അവശേഷിക്കുന്ന വരോട് പറയുകയാണ്; "യുഗാന്ത്യം വരെ എന്നും ഞാൻ നി ങ്ങളോടു കൂടെ ഉണ്ടായിരിക്കും" എന്ന് (മത്തായി 28:20).

നിങ്ങൾക്ക് ശാരീരികമായ ബുദ്ധിമുട്ടുകളുണ്ടാവില്ല; നിങ്ങ ൾക്ക് സാമ്പത്തിക പ്രശ്നങ്ങളുണ്ടാവില്ല; നിങ്ങൾക്ക് മാന സിക സംഘർഷങ്ങൾ വരില്ല എന്നൊന്നുമല്ല അവൻ നൽകു ന്ന വാഗ്ദാനം. ശാരീരികമോ, മാനസികമോ, ബൗദ്ധികമോ ആയ വളർച്ചയോ സുസ്ഥിതിയോ ഔന്നത്യമോ അല്ല, ഭൂമി യിൽ നിന്ന് യാത്രയാകുന്ന വേളയിൽ എല്ലാമുപേക്ഷിച്ച് ത ന്റെ കൂടെ കൂടിയവർക്ക് ക്രിസ്തു നൽകുന്നത്. എപ്പോഴും താ ൻ കൂടെയുണ്ടായിരിക്കും എന്ന ഉറപ്പാണ് അവിടുന്ന് വാഗ് ദാനം നൽകുന്നത്. ഉത്ഥിതൻ നൽകുന്ന ഏറ്റവും വലിയ അ നുഗ്രഹം ഇതു തന്നെയാണ് - അവന്റെ സാന്നിധ്യം.

സത്യത്തിൽ 'തന്റെ കൂടെ ആയിരിക്കാനാണ്' ക്രിസ്തു ശിഷ്യന്മാരെ വിളിക്കുന്നത് (മർക്കോ: 3 14). പീഡാനുഭവത്തി



www.malankaralibrary.com

ന്റെ വേളയിലും കുരിശുമരണത്തിന്റെ സമയത്തുമൊന്നും കൂടെയായിരിക്കാൻ വിളിച്ചവർ കൂടെയില്ല. അതുകൊണ്ടാവണം ഉയിർപ്പിനുശേഷം ക്രിസ്തു പറയുന്നത്, ഇനി "യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" എന്ന്. ശിഷ്യർക്കോ തന്റെ കൂടെ എപ്പോഴും ആയിരിക്കാൻ പറ്റുന്നില്ല. എങ്കിൽ പിന്നെ താനെപ്പോഴും അവരുടെ കൂടെ ആയിരിക്കാം എന്ന ചിന്ത.

എപ്പോഴും കൂടെയായിരിക്കുക എന്നതാണ് സ്നേഹത്തിന്റെ ഏറ്റവും വലിയ ഭാവം. ഉത്ഥിതൻ നൽകുന്ന ഉറപ്പും അതാണ്. എപ്പോഴും കൂടെയുണ്ടാകുക: അതും നമ്മുടെ ഈ ഭൂമിയിലെ യുഗം അവസാനിക്കുന്നിടം വരെ. ഉയിർപ്പിന്റെ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവരാണ് നമ്മളെങ്കിൽ അതേ മനോഭാവമായിരിക്കണം നമുക്കും ഉണ്ടാകേണ്ടത്. മറ്റുള്ളവരുടെ കൂടെ എപ്പോഴും ഉണ്ടായിരിക്കുക എന്ന മനോഭാവം.

സാന്നിധ്യത്തെക്കാൾ വലിയ സമ്പത്ത് ഭൂമിയിൽ ഇല്ലല്ലോ. വിവാഹം കഴിച്ചതിന്റെ പിറ്റേന്ന് നടന്ന വാഹനാപകടത്തിൽ ഭർത്താവിന്റെ അര മുതൽ താഴേക്ക് തളർന്നു. ദാമ്പത്യജീവിതം അസാധ്യമെന്ന് വൈദ്യന്മാർ വിധിയെഴുതി. ഭാര്യയോട് വേറെ വിവാഹം കഴിക്കാൻ വീട്ടുകാരും നാട്ടുകാരും ഒടുവിൽ അയാളും ആവശ്യപ്പെടുന്നു. അവൾ അതിനൊന്നും വഴങ്ങുന്നില്ല. ഒടുവിൽ നീണ്ട അമ്പതു വർഷത്തെ വിവാഹജീവിതത്തിനു ശേഷം അയാൾ മരിച്ചു.

കബറടക്കം കഴിഞ്ഞ് എല്ലാവരും മടങ്ങിയിട്ടും എഴുപത്തിരണ്ടു വയസ്സുള്ള വൃദ്ധയായ ആ സ്ത്രീ ഏങ്ങലടിച്ച് കരയുകയാണ്. ഇനി അദ്ദേഹത്തിന്റെ സാന്നിധ്യം ഭൂമിയിൽ ഇല്ലല്ലോ? കണ്ടുനിൽക്കുന്നവരുടെ ഹൃദയം കൂടെ തകരുകയാണ് ആ വിലാപത്തിൽ. സ്നേഹിക്കുന്നവരുടെ സാന്നിധ്യം അത്രമാത്രം വിലപ്പെട്ടതാണ്; സ്നേഹിക്കുന്നവർക്കേ അത് മനസ്സിലാകൂ. ക്രിസ്തുവിന് അത് മനസ്സിലാകും: ഒരു പരിധിവരെ ശിഷ്യന്മാർക്കും.

എപ്പോഴും കൂടെയായിരിക്കുക എന്നത് സത്യത്തിൽ അപകടം പിടിച്ച ഏർപ്പാടാണ്. മറ്റുള്ളവരുടെ സന്തോഷത്തിന്റെ കാലത്ത് കൂടെ ആയിരിക്കാനെളുപ്പമാണ്. എന്നാൽ അവരു



www.malankaralibrary.com

ടെ കഷ്ടതയുടെ കാലത്തോ? നമുക്ക് വിഷമകരം ആണത്. പക്ഷേ, ക്രിസ്തുവിന് അങ്ങനെയല്ല. അവൻ എപ്പോഴും കൂടെ ആയിരിക്കുന്നവനാണ്. ഭൂമിയിൽ ജീവിച്ച കാലത്തു തന്നെ മനുഷ്യരുടെ സങ്കടങ്ങളുടെ കൂടെ എപ്പോഴും ആയിരുന്നവനാണ് ക്രിസ്തു. കാനായിൽ വീഞ്ഞ് തീർന്ന വീട്ടുകാരുടെ കൂടെ, കാഴ്ചയില്ലാത്തവരുടെ കൂടെ, രോഗബാധിതരുടെ കൂടെ, ചെവി കേൾക്കാൻ പറ്റാത്തവരുടെ കൂടെ അവൻ ഉണ്ടായിരുന്നു. യുഗാന്ത്യം വരെ ഇനിയെന്നും കൂടെക്കാണും എന്നു പറഞ്ഞ ഈ വാഗ്ദാനം ഇതിന്റെ പശ്ചാത്തലത്തിൽ കാണണം. മൂന്നുവർഷം തങ്ങളുടെ കൂടെ ഉണ്ടായിരുന്നവൻ ഇനി യുഗാന്ത്യം വരെ ഉണ്ടായിരിക്കും എന്നതിനേക്കാൾ വലിയ സന്തോഷവാർത്ത ശിഷ്യർക്കുണ്ടാകാനിടയില്ല.

അപകടസാഹചര്യത്തിൽ, നമ്മൾ ആലംബമില്ലാതെ വിഷമിക്കുമ്പോൾ, "പേടിക്കേണ്ട, ഞാനില്ലേ എപ്പോഴും കൂടെ?" എന്ന വാക്യവുമായി ഒരു ആത്മാർത്ഥസുഹൃത്ത് സമീപിക്കുന്നതിനേക്കാൾ വലിയ ആശ്വാസം എന്തുണ്ട്? എന്നാൽ, അതിനെക്കാൾ വലിയ ആശ്വാസമാണ് ക്രിസ്തുവിന്റെ അന്ത്യവാഗ്ദാനം നമ്മിലൊക്കെ ഉണർത്തേണ്ടത്.

വിവാഹവേളയിൽ വരനും വധുവും കൂടിയെടുക്കുന്ന പ്രതിജ്ഞയ്ക്കും ഇതേ ഈണമാണ്. 'ഇന്നുമുതൽ മരണം വരെ' എപ്പോഴും കൂടെയായിരിക്കാനുള്ള പ്രതിജ്ഞയാണ് പൊതുവായി അവർ എടുക്കുന്നത്. പക്ഷേ, അവർക്ക് പരസ്പരം എപ്പോഴും കൂടെയായിരിക്കാൻ പറ്റുന്നില്ല. ഭർത്താവിന്റെ കുറവിൽ, ഭാര്യക്ക് കൂടെ ആയിരിക്കാൻ മടിയാണ്. ഭാര്യയു ടെ കുറവുകൾ ഭർത്താവിന് സഹിക്കാനേ പറ്റുകയില്ല; പിന്നെങ്ങനെ കൂടെ ആയിരിക്കാൻ സാധിക്കും. ഇങ്ങനെ വരുമ്പോൾ ചെയ്യുന്നത് നിയമപരമായി കൂടെ അല്ലാതാകാനുള്ള ശ്രമങ്ങളായിരിക്കും.

ഉയിർത്ത ഈശോ നമ്മുടെ കൂടെ എപ്പോഴുമുണ്ട് എന്ന ഉറപ്പിൽ നമുക്ക് ജീവിതം തുടരാം. ഉയിർപ്പിന്റെ ജീവിതം നയിക്കുന്ന നമുക്ക് സോദരങ്ങളുടെ കൂടെയും എപ്പോഴും ഉണ്ടാകാം; അവരുടെ സന്തോഷത്തിന്റെയും സങ്കടങ്ങളുടെയും ദുരിതങ്ങളുടെയും രോഗങ്ങളുടെയും സമയത്തും കൂടെയുണ്ടാ



www.malankaralibrary.com

കാം. അപ്പോഴാണ് അവർക്ക് നമ്മളെ കൂടുതൽ ആവശ്യം. നമ്മുടെ 'യുഗത്തിന്റെ' അവസാനം വരെ– മരണം വരെ– നമുക്ക് അവർക്കൊപ്പം ആയിരിക്കാം. കാരണം നമ്മുടെ യുഗത്തിന്റെ അവസാനം വരെ 'അവൻ' നമ്മോടൊപ്പം ഉണ്ടല്ലോ.

**ഫാ. ജി. കടൂപ്പാറയിൽ** MCBS

www.lifeday.in



www.malankaralibrary.com

LIFEDAY

BREAD FOR DAILY JOURNEY

മലയാളത്തിലെ സമഗ്ര ക്രിസ്ത്യൻ വെബ്സൈറ്റ്

ലോകമെമ്പാടും നടക്കുന്ന
കത്തോലിക്കാ വാർത്തകൾ,
അനുദിന സുവിശേഷ വായനകളുടെ
ലഘുപ്രസംഗ കുറിപ്പുകൾ!
വിശുദ്ധരുടെ ജീവചരിത്രം, ധ്യാനം,
പാപ്പായുടെ പ്രസംഗങ്ങൾ, പ്രാർത്ഥനകൾ,
വിശ്വാസ സംബന്ധമായ
ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ,
കുർബാന, അനുദിന പ്രാർത്ഥനകൾ,
ക്രിസ്ത്യൻ സിനിമകൾ, സംഗീതം
തുടങ്ങി അനുദിന ജീവിതത്തിന്
ആവശ്യമായതെല്ലാം.

അനുദിനവും സന്ദർശിക്കുക

www.lifeday.in

www.malankaralibrary.com